# മലങ്കരസഭ

ജൂലൈ 2001

മാസിക


## ക്രിസ്തീയ സാക്ഷ്യം - മൂന്നാം സഹസ്രാബ്ദത്തിൽ



റെയിൽവെ ദുരന്തം -
അനാസ്ഥയുടെ ബാക്കിപത്രം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

*For Favours Recieved*



**MINI DAVASIYA**
**TEXAS**


# മലങ്കരസഭ

ലക്കം 7, പുസ്തകം 57
ജൂലൈ 2001





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 322243, (Res)325942

**വൈസ് പ്രസിഡന്റ്**
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488 - 523001

ചീഫ് എഡിറ്റർ
ഫാ.ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481 - 568046

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് *(സഭാ സെക്രട്ടറി)*
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0481 - 567421
e-mail: malankara@sanchamet.in

**സർക്കുലേഷൻ കൺസൾട്ടന്റ്**
ഒ.ജി. തരകൻ
ഫോൺ: 0481 - 572226

**ബിസിനസ്സ് മാനേജർ**
ഫാ. ഷൈജു കുര്യൻ
ഫോൺ: 0473 - 324255


**വരിസംഖ്യ**

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റപ്രതി | : | 5 രൂപ |
| ഒരുവർഷം | : | 60 രൂപ |
| 5 വർഷം | : | 300 രൂപ |
| 10 വർഷം | : | 600 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |

CONTENTS

## ഉൾത്തുടിപ്പുകൾ


**4** എഡിറ്റോറിയൽ

**8** പ്രതിമാസ ചിന്തകൾ
സകലബുദ്ധിയേയും ദുർബലമാക്കുന്ന കുരിശിന്റെ ശക്തി - ഗുരുജി

**15** പഠനവേദി
കാര്യവിചാരകത്വം ഒരു ഉടമ്പടി - പ്രൊഫ. കെ.പി. ജോയി

**20** പുസ്തകാസ്വാദനം
കാതോലിക്കാബാവാമാരുടെ കാലടികളിൽ

**27** ചെറുകഥ
നിത്യമായ സ്നേഹം - സാജൻ പീറ്റർ, തിരുവനന്തപുരം

**ലേഖനങ്ങൾ**

**6** വെളിച്ചത്തിലേക്ക് - ബെൻസൻ ബേബി

**11** പള്ളികളുടെ പദവി - അഡ്വ. പി.വി. വർഗീസ്,

**12** മലങ്കരയ്ക്കൊരു അഞ്ചാം തുബ്ദേൻ - എം. കുര്യൻ തോമസ്

**18** വിശ്വാസ വീരനായ മാർത്തോമ്മാശ്ലീഹാ - കെ.സി. എബ്രഹാം

**28** ക്രൈസ്തവ സാക്ഷ്യം പുതിയ സഹസ്രാബ്ദത്തിൽ
- ഡോ. സിബി തരകൻ

**31** സൗമ്യതയുടെ ജീവിതം - ഫാ. റ്റൈറ്റസ് ജോർജ്ജ്

**സ്ഥിരം പംക്തികൾ**

കൗൺസലറുടെ പംക്തി, കാർട്ടൂൺ, വാർത്തകൾ, ധ്യാനപംക്തി, ബൈബിൾ പഠനം, ബൈബിൾ പദപ്രശ്നം,



ദേവലോകം, കോട്ടയം – 686 038. ഫോൺ: 0481 – 573234
e-mail: malankara@sancharnet.in

# ഒരു വെള്ളക്കടലാസും കുറെ മദ്യക്കുപ്പികളും

ഫാ. ഡോ. ജേക്കബ് കുര്യൻ

അങ്ങനെ ഒരു പുതിയ സർക്കാർ ഭരണമേറ്റു. ഭരിക്കുവാൻ ഒരുങ്ങിയപ്പോഴാണ് മനസ്സിലാകുന്നത് ആകപ്പാടെ വരുതിയിലുള്ളത് ഒരു "വെള്ളക്കടലാസും" കുറെ മദ്യകുപ്പികളുമാണെന്ന്. വെള്ളക്കടലാസിൽ എഴുതിചേർക്കുവാൻ പലതുമുണ്ടായിരുന്നുവെങ്കിലും പെട്ടെന്നെഴുതിയത് കാലിയായിത്തീർന്നിരുന്ന ഖജനാവിന്റെ കഥയാണ്.

മദ്യക്കുപ്പികൾക്കടുത്തേക്ക് ചെല്ലുവാൻ സ്വാഭാവികമായും സർക്കാർ ഭയന്നു, കാരണം ആരോപറഞ്ഞു കേട്ടു, കഴിഞ്ഞ രണ്ടു സർക്കാരുകളും അടുത്തുവന്ന തെരഞ്ഞെടുപ്പുകളിൽ മൂക്ക് കുത്തി വീണത് മദ്യക്കുപ്പിയെത്തട്ടിയാണെന്ന്. ഒന്നാമത്തേത് ചാരായ നിരോധനത്തിലും, രണ്ടാമത്തേത് പുതിയ വിദേശമദ്യവിതരണനയത്തിലും, കള്ളു സഹകരണസംഘങ്ങളിലും. ചുരുക്കത്തിൽ, സാമ്പത്തിക പാപ്പരത്വവും, മദ്യനയത്തിലെ അവ്യക്തതയും പുതിയ സർക്കാരിന്റെ മുന്നിലെ കീറാമുട്ടികൾ!

സാമ്പത്തിക മേഖലയിൽ ഇരുപത്തിയേഴായിരം കോടി രൂപയുടെ പൊതുക്കടവും, അയ്യായിരം കോടി രൂപയുടെ അടിയന്തിര കടബാധ്യതയും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഭരണം ആരംഭിച്ചിരിക്കുന്നത്. യാഥാർത്ഥ്യ ബോധത്തോടെ കാര്യങ്ങളിലേക്ക് പ്രവേശിക്കുന്നത് എന്തുകൊണ്ടും നല്ലതാണ്. പക്ഷെ, കടബാധ്യതകളുടെ മുഴുവൻ ഉത്തരവാദിത്തവും മുൻസർക്കാരിന്റേമേൽ ആരോപിച്ചുകൊണ്ട്, കുറെ അധിക സാമ്പത്തിക ഭാരം കൂടി സാധാരണക്കാരുടെ ചുമലിൽ കെട്ടിവയ്ക്കുന്നതുകൊണ്ട് പ്രശ്നം പരിഹരിക്കപ്പെടുകയില്ല. യഥാർത്ഥ പ്രശ്നം, അഴിമതി നിറഞ്ഞ ഭരണവ്യവസ്ഥിതിയാണ്. രാഷ്ട്രീയ ചായ്‌വുകളുടെ തണലിൽ വിഹരിക്കുന്ന യൂണിയനുകൾ ഭരണം കൈകാര്യം ചെയ്യുന്ന വ്യവസ്ഥിതിക്ക് വല്ല മാറ്റവും വരുത്താൻ സാധിക്കുമോ? പുതിയ സർക്കാർ പ്രശ്ന പരിഹാരത്തിനും യാഥാർത്ഥ്യബോധത്തോടെ ഒരുങ്ങുന്നുവെങ്കിൽ ഇവിടെ തുടങ്ങട്ടെ. അല്ലാത്തിടത്തോളം കാലം പുതുതായി അടിച്ചേല്പിക്കുന്ന നിരക്കുവർധനവിൽ കൂടി കിട്ടുന്നതും, പഴയ മാളങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരിക്കും. കൊടുക്കുന്നവർ കൂടുതൽ കൂടുതൽ കൊടുക്കുന്നതും, നേടുന്നവർ കൂടുതൽ കൂടുതൽ നേടുന്നതുമായ ഒരു വ്യവസ്ഥിതിയിൽ നീതി ഇല്ല. കൊടുക്കുന്നതനുസരിച്ച് നേടുന്നതും, നേടുന്നതിനനുസരിച്ച് കൊടുക്കുന്നതുമായ ഒരു സാമാന്യ തത്വം സാമ്പത്തിക ആസൂത്രണത്തിൽ പ്രാവർത്തികമാക്കുവാൻ പുതിയ സർക്കാരിന് സാധിക്കട്ടെ എന്ന് ആശിക്കുന്നു.

മദ്യനയത്തിൽ അവ്യക്തത നിലനിൽക്കുന്നത് മാറ്റിയേ പറ്റൂ. "ഘട്ടം ഘട്ടമായി, ജനാഭിപ്രായത്തെ മാനിച്ചുകൊണ്ട് മ്ദ്യനിരോധനം നടപ്പിലാക്കും" എന്നു പറയുന്നത് വഴുവഴുപ്പൻ പ്രസ്താവനയാണ്. ചാരായ നിരോധനം ജനങ്ങൾ സ്വാഗതം ചെയ്തതിന്റെ തെളിവുതന്നെയാണ് അതു തുടങ്ങി വച്ചവരെ വീണ്ടും അധികാരത്തിലേറ്റിയത്. അതുകൊണ്ട്, ചാരായനിരോധനം കൂടുതൽ കൃത്യതയോടെ നടപ്പിലാക്കുവാനും, അതിന്റെ അടുത്ത നടപടിയായി, കള്ളും വിദേശമദ്യവും നിരോധിക്കുവാനും വ്യക്തമായ സമയബന്ധിത പരിപാടിയുണ്ടാകണം തന്മൂലം ഖജനാവിനുണ്ടാകുന്ന നഷ്ടവും, തൊഴിലാളികൾക്കുണ്ടാകുന്ന പ്രശ്നവും ഒരു പരിധിവരെ പരിഹരിച്ച സംസ്ഥാനങ്ങൾ നമ്മുടെ രാജ്യത്തുണ്ടല്ലോ.

അങ്ങനെ, "ധവളപത്ര"മെന്ന വെള്ളക്കടലാസ് ഭരണസംവിധാനത്തിലെ തിരുത്തലുകളുടെ സാക്ഷ്യപത്രമാകട്ടെ; മദ്യനയമെന്ന കീറാമുട്ടി, വെട്ടിക്കീറിച്ചാമ്പലാക്കാവുന്നതുമാകട്ടെ.



# റെയിൽവേ ദുരന്തം - അനാസ്ഥയുടെ ബാക്കി പത്രം



ജൂൺ 22-ാം തീയതി കേരളത്തെ നടുക്കിയ ദുരന്തം റെയിൽവേ അനാസ്ഥയുടെ പരിണിതഫലമെന്ന് വിദഗ്ദർ. ഇന്ത്യൻ റെയിൽവേയ്ക്ക് ഏറ്റവും കൂടുതൽ സാമ്പത്തിക നേട്ടമുണ്ടാക്കുന്ന സംസ്ഥാനം കേരളമാണ്. എന്നാൽ വേണ്ടത്ര യാത്ര സൗകര്യങ്ങളോ നല്ല ട്രെയിനുകളോ മെച്ചപ്പെട്ട സൗകര്യങ്ങളോ കേരളത്തിനില്ല കേരളത്തിനോടു കാട്ടുന്ന റെയിൽവേയുടെ ചിറ്റമ്മ നയം തിരുത്തുവാൻ കാലാകാലങ്ങളിൽ വന്ന ഗവൺമെന്റുകൾക്കും സാധിച്ചിട്ടില്ല.

തകർന്ന കടലുണ്ടി പാലത്തിന്റെ സ്ഥിതി അപകടരമാണെന്ന് തദ്ദേശവാസികളും മീൻപിടുത്തക്കാരും മുന്നറിയിപ്പു നൽകിയിരുന്നു. മുന്നറിയിപ്പുകളെ അവഗണിക്കുകയും പരിഹസിക്കുകയുമാണ് റെയിൽവേ അധികൃതർ ചെയ്തതെന്നത് അക്ഷന്തവ്യമായ കുറ്റമാണ്.

കേരളത്തിലുണ്ടായിട്ടുള്ള റെയിൽവേ ദുരന്തങ്ങളിൽ ഏറ്റവും വലുത്. കൊല്ലം പെരുമൺ ദുരന്തമായിരുന്നു അന്ന് 105 പേർ മരിച്ചു 200 പേർക്ക് പരുക്കേറ്റു. പെരുമൺ ദുരന്തത്തിന്റെ കാരണം ഇന്നുവരെ ഏതെന്ന് കണ്ടുപിടിക്കപ്പെട്ടിട്ടില്ല. അന്വേഷണത്തിനേൽപ്പിച്ച വിദഗ്ദസമിതിക്കും ഒരു തീരുമാനത്തിലെത്താനായില്ല.

കടലുണ്ടി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തിരമായി ചെയ്യേണ്ട ചില കർമ്മ പരിപാടികളുണ്ട്. റെയിൽവേ അധികൃതർ നടപ്പാക്കിയില്ലെങ്കിൽ കേരള ഗവൺമെന്റിനോ, കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങൾക്കോ ഒന്നിച്ചു നിന്ന് നേടാവുന്നതേ ഉള്ളു.

* കേരളത്തിലെ റയിൽവേ പാലങ്ങൾ എത്രയും പെട്ടെന്ന് ശക്തിപ്പെടുത്തുക. പലയിടത്തും പാലങ്ങളിൽ പൊട്ടലും തൂണുകളിൽ വിള്ളലും മണ്ണിടിച്ചിലും ഉള്ളതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട് എന്തെങ്കിലും കാട്ടിക്കൂട്ടുന്ന അവസ്ഥ മാറണം.

* ദുരന്തങ്ങൾ ഉണ്ടാകുന്ന ഉടനെ കുറെ പത്രപ്രസ്താവനകളും 'ഞെട്ടലും ഞടുക്കവും' അധികാരികൾ രേഖപ്പെടുത്തുന്നതിലർത്ഥമില്ല. ദീർഘവീക്ഷണത്തോടെ സമയബന്ധിതമായി അടിയന്തിര നടപടികൾ എടുക്കണം.

* കേരളത്തിലെ യാത്രക്കാരിൽ നിന്നും ലഭിക്കുന്ന ലാഭത്തിന്റെ അമ്പതു ശതമാനമെങ്കിലും കേരളത്തിലെ റെയിൽവേയുടെ വികസനത്തിന് ചില വഴിക്കണം.

* ഓരോ ദുരന്തത്തിലും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നത് ഓടിക്കൂടുന്ന നാട്ടുകാരാണ്. ഫയർഫോഴ്സും, പോലിസും നോക്കി നിൽ ക്കുന്ന അവസ്ഥ മാറണം. പരിശീലനത്തിന്റെ കുറവല്ല ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അഭാവമാണ് തങ്ങൾക്ക് പെട്ടെന്ന് എന്തെങ്കിലും ചെയ്യാൻ സാധിക്കാതെ വരുന്നതിന് കാരണമെന്നവർ പറയുന്നു. ഇതിനുത്തരവാദികൾ ആര്?

* റെയിൽവേ വകുപ്പിനെ കുറ്റവിമുക്തമാക്കികൊണ്ടുള്ള വിദഗ്ദസമിതിയുടെ അപകട റിപ്പോർട്ടുകൾ ജനങ്ങളെ വിഡ്ഢികളാക്കുകയാണ്. ഈ സമീപനം മാറണം.

# സപ്തതിയുടെ നിറവിൽ



പത്തനംതിട്ട:- ജൂൺ 16-ാം തീയതി 70 വയസ്സ് പൂർത്തിയായ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ യൗസേബിയോസ് ബേസിൽ അരമന ചാപ്പലിൽ നടന്ന ലളിതമായ ചടങ്ങിൽ, വ്യത്യസ്ഥ പ്രസ്ഥാനങ്ങളെ പ്രതിനിധീകരിച്ച്, ഫാ. ടൈറ്റസ് ജോർജ്ജ്, വെരി. റവ. കെ. റ്റി. ജോസഫ് കോർ എപ്പിസ്ക്കോപ്പ, ഫാ. മർക്കോസ് ജോസഫ്, ഫാ. കെ.ടി. മാത്തുകുട്ടി, ഫാ. ടി. എ. ഇടയാടി, ശ്രീ. കെ.സി. ജോർജ്ജ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു. അപ്രതിരോധമായ ദൈവകൃപയുടെ അളവില്ലാത്ത ദാനമാണ് തന്റെ ജീവിതമെന്ന് മാർ യൗസേബിയോസ് പറഞ്ഞു.

മലങ്കരസഭ പ്രസിദ്ധീകരിച്ച മാർ യൗസേബിയോസ് സപ്തതി സപ്ലിമെന്റ് സമ്മേളനത്തിൽ പ്രകാശനം ചെയ്തു.

*വാക്കുകളുടെ ധാരാളിത്വമല്ല, ഹൃദയം നുറുങ്ങി ഉയരുന്ന പ്രാർത്ഥനയ്ക്കേ ദൈവ സന്നിധിയിൽ പരിഗണനയുള്ളു. ഹ്രസ്വമായ പ്രാർത്ഥനയാണ് കുരുടനായ ബർത്തിമായിൽ നിന്ന് ഉയരുന്നത്. "യേശുവേ, എന്നോട് കരുണ തോന്നണമെ"*



# വെളിച്ചത്തിലേക്ക്...

## തിമായിയുടെ പുത്രനായ ബർത്തിമായി – ഒരു പഠനം
## വേദഭാഗം: വി. മർക്കോസ് 10:46–52

***ബെൻസൻ ബേബി, വാഴമുട്ടം***

പശ്ചാത്തലം: യേശുവും ശ്ലീഹന്മാരും യെരുശലേമിലേക്കുള്ള യാത്രാമദ്ധ്യേ യെരിഹോവിൽ എത്തുന്നു.

യെരിഹോവിൽ നിന്ന് അവനെ വലിയൊരു പുരുഷാരം പിൻഗമിക്കുന്നു (10:43) വഴിയോരത്ത് തിമായിയുടെ മകനായ ബർത്തിമായി എന്ന കുരുടൻ ഭിക്ഷയ്ക്ക് ഇരുന്നിരുന്നു. അവനിൽ രക്ഷയുടെ കാഹളം മുഴങ്ങുവാൻ കാരണമായ ഘടകങ്ങൾ ഏതെല്ലാം എന്ന് ചിന്തിക്കാം.

### 1. യേശുവിന്റെ സാന്നിധ്യം അറിയുന്നു.

യേശു യെരിഹോവിൽ തന്റെ സമീപത്തുണ്ടെന്ന വസ്തുത കുരുടനായ ബർത്തിമായി അല്പം വൈകിയാണ് അറിയുന്നത്. പുരുഷാരം അവനെ കാണുവാനും അവനെ ശ്രവിക്കുവാനും തിങ്ങിക്കൂടിയപ്പോൾ ഏവരുടേയും സംഭാഷണങ്ങളിൽ നിറഞ്ഞു നിന്നത് "നസറായനായ യേശു" എന്ന നാമം മാത്രമാണ്. അത് കേൾക്കുമ്പോഴാണ് ബർത്തിമായി യേശുവിന്റെ സാമീപ്യം മനസ്സിലാക്കുന്നത്.

ജനനം മുതൽ തന്നെ ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടുന്ന നാമും യേശുവിന്റെ അടുക്കലേക്ക് പോകുന്നവരാണ്, അവന്റെ വചനങ്ങൾ ശ്രവിക്കുവാൻ വാഞ്ചയുള്ളവരാണ്. എന്നാൽ നമ്മുടെ സംഭാഷണങ്ങളും ജീവിതവും യേശുവിനെ പ്രതിഫലിപ്പിക്കുന്നവയാണോ? നമ്മളിലൂടെ സമൂഹത്തിന് യേശുവിന്റെ സാന്നിദ്ധ്യം അനുഭവപ്പെടുത്തണമെങ്കിൽ ബർത്തിമായിയെ പോലെ ആദ്യം നാം യേശുവിന്റെ സാന്നിധ്യം അറിയണം.


**മലങ്കരസഭയ്ക്ക് e-mail**

മലങ്കരസഭയുടെ ഓഫീസിൽ e-mail അഡ്രസ്സ് ലഭിച്ചു

**malankara@sancharnet.in**


അനുഭവിക്കുമ്പോൾ യേശു തമ്പുരാൻ നമ്മിൽ വസിക്കുന്നു. ആ ദിവ്യമായ സാന്നിധ്യം നമ്മെ നടത്തണം. വചനമായ യേശു തമ്പുരാൻ സദാ നമ്മോട് കൂടെയുണ്ട്. യേശുവിന്റെ സാന്നിധ്യം തിരിച്ചറിഞ്ഞ്. അവനെ പ്രതിഫലിപ്പിക്കുന്ന 'തെളിഞ്ഞ കണ്ണാടി'കളായി നാം രൂപാന്തരപ്പെടണം. യേശുവിനെ അനുകരിക്കുന്നതിലും പരമായി യേശു ആയി തീരുവാൻ (Not to immitate Christ, but to be a Christ) നമ്മൾക്ക് കഴിയണം. ദൈവത്തിന്റെ സ്വരൂപത്തിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു (ഉല്പത്തി 1:27). ആദിയിൽ ഉണ്ടായിരുന്ന ദൈവതേജസ്സ് വീണ്ടും പ്രാപിക്കുവാൻ, വെളിച്ചമായ ദൈവത്തെ പ്രതിഫലിപ്പിക്കുന്ന ലോകത്തിന്റെ വെളിച്ചമാകുവാൻ നാം വിളിയ്ക്കപ്പെട്ടിരിക്കുന്നു. പാപത്തിന്റെ അന്ധതയിൽ നിന്നും ദൈവത്തിന്റെ അത്ഭുത പ്രകാശത്തിലേക്കും വിശുദ്ധിയിലേക്കും വിളിയ്ക്കപ്പെട്ട നാം അവന്റെ സൽഗുണങ്ങളെ ഘോഷിക്കേണ്ടവരാണ് (1 പത്രോസ് 2:9)

### 2. നിരന്തരമായ പ്രാർത്ഥന

കുരുടനായ ബർത്തിമായി യേശുനാഥന്റെ സാന്നിധ്യം തിരിച്ചറിയുമ്പോൾ അവനിൽ ഉളവാകുന്നത് അപേക്ഷയുടെ സ്വരങ്ങളാണ്. പ്രാർത്ഥന ദൈവസന്നിധിയിൽ നടത്തേണ്ടതാണ് എന്ന ആശയം ഇവിടെ വെളിവാക്കപ്പെടുന്നു. എപ്രകാരം പ്രാർത്ഥിക്കണം എന്ന ചോദ്യത്തിന് കർത്തൃശിഷ്യന്മാർക്ക് അവിടുന്ന് സമ്പൂർണ്ണമായ പ്രാർത്ഥന പറഞ്ഞ് കൊടുക്കുന്നു. (മത്തായി 36:9–14)





പ്രാർത്ഥന വെറും ജല്പനമാകരുത്. അത് ഹൃദയത്തിൽ നിന്ന് ഉയരണം. ആത്മാർത്ഥമായ പ്രാർത്ഥനയ്ക്കും യാചനയ്ക്കും മാത്രമേ ഉത്തരം ലഭിക്കുകയുള്ളൂ. നീതികരിക്കപ്പെട്ട ചുങ്കക്കാരന്റെ പ്രാർത്ഥന ഇതിനുദാഹരണമാണ്. വാക്കുകളുടെ ധാരാളിത്വമല്ല, ഹൃദയം നുറുങ്ങി ഉയരുന്ന പ്രാർത്ഥനയ്ക്കേ് ദൈവ സന്നിധിയിൽ പരിഗണനയുള്ളു.

ഹൃസ്വമായ പ്രാർത്ഥനയാണ് കുരുടനായ ബർത്തീമായിൽ നിന്ന് ഉയരുന്നത്. "യേശുവേ, എന്നോട് കരുണ തോന്നണമെ" എന്ന് നിലവിളിച്ചു യാചിക്കുന്ന ബലഹീനനായ മനുഷ്യനെ ഇവിടെ കാണുവാൻ കഴിയും. നമ്മുടെ ആരാധനയിൽ നാം ഈ പ്രാർത്ഥന പലവട്ടം ചൊല്ലാറുണ്ട്. "കുറിയേലായിസോൻ" എന്ന് ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചാൽ അത് സ്വീകാര്യമാവുക തന്നെ ചെയ്യും.

യേശുതമ്പുരാൻ കേൾക്കാതെ വന്നപ്പോൾ അവൻ ഏറ്റവും നിലവിളിച്ചു. അവന്റെ പ്രാർത്ഥന തടസ്സപ്പെടുത്തുവാൻ പല ഘടകങ്ങൾ ഉണ്ടായിരുന്നു എന്ന് (വി. മർക്കോസ് 10:48) മനസ്സിലാക്കാം. പ്രാർത്ഥന ദൈവസന്നിധിയിലേക്ക് ഉയരുമ്പോൾ പാതയിൽ പലവിധ തടസ്സങ്ങൾ ഉണ്ടാകും. അതിനാലാണ് പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരമില്ലാതെ പോകുന്നത്. എന്നാൽ ഈ തടസ്സങ്ങളിൽ ഭൂരിഭാഗവും നമ്മുടെ തന്നെ സൃഷ്ടിയാണ്. നമ്മുടെ ഉള്ളിലുള്ള അശുദ്ധ ചിന്താഗതികൾ, അനുവർത്തിക്കുന്ന ജീവിതം, സമൂഹത്തോടുള്ള നമ്മുടെ സമീപനം, പാപബോധമില്ലായ്മ, ക്രിസ്തീയ മൂല്യങ്ങളുടെ അഭാവം തുടങ്ങിയവയൊക്കെ പ്രാർത്ഥനയ്ക്ക് മാർഗ്ഗ തടസ്സമാകാം. അതിനാൽ നിർമ്മലഹൃദയം സൃഷ്ടിച്ച് പ്രാർത്ഥിക്കണം. ദാവീദിനെപ്പോലെ നിർമ്മലമുള്ള ഹൃദയം ലഭിക്കുവാൻ പ്രാർത്ഥിക്കണം. അപ്പോൾ തടസ്സങ്ങളെ നിഷ്പ്രഭമാക്കി ദൈവ തിരുമുമ്പാകെ പ്രാർത്ഥന കൈക്കൊള്ളപ്പെടും. പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുവാൻ ക്ഷമയോടു കൂടിയുള്ള കാത്തിരിപ്പ് അത്യാവശ്യമാണ്. ബർത്തിമായി പ്രത്യാശയോടെ കാത്തിരിക്കുകയും പ്രതിസന്ധികളിൽ തളരാതെ നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യുന്നു. (10:48 b)

### 3. യേശുവിന്റെ വിളി കേൾക്കുന്നു (സഭയെ അനുസരിക്കുന്നു)

ഉച്ചത്തിൽ നിലവിളിയ്ക്കുന്ന കുരുടനെ വിളിക്കുവാൻ യേശു തമ്പുരാൻ നിയോഗിക്കുന്നത് തന്നോടൊപ്പം സഞ്ചരിക്കുന്ന സമൂഹത്തെയാണ്. ഈ സമൂഹം പരിശുദ്ധ സഭയുടെ പ്രതീകമാണ്. "അവർ അവനെ വിളിച്ചു." എന്ന പ്രസ്താവനയിൽ 'അവർ' എന്നത് സമൂഹത്തെ സൂചിപ്പിക്കുന്നു. യേശു ഇന്ന് സഭയിലൂടെ അനേകരെ തന്റെ അടുക്കലേക്ക് മാടി വിളിയ്ക്കുന്നു.

പ്രയാസമനുഭവിക്കുന്നവരെയും സൗഖ്യം കാംക്ഷിക്കുന്നവരെയും യേശുവിന്റെ അടുക്കലെത്തിക്കേണ്ടത് നാം കൂടി ഉൾപ്പെടുന്ന സഭയാണ്. അവരെ ആശ്വാസവാക്കുകളിലൂടെയും കരുതലോടു കൂടിയ സമീപനത്തിലൂടെയും ധൈര്യപ്പെടുത്തേണ്ടത് നമ്മുടെ കടമയാണ് (10:49b) എന്ന് വ്യക്തമാക്കുന്നതാണ് ഈ സംഭവം.

നമ്മെ സഭയുടെ പ്രതിനിധിയായി കാണുന്നതോടൊപ്പം പ്രയാസമനുഭവിക്കുന്നവരുടെ പ്രതിനിധിയായും കണക്കാക്കുമ്പോൾ, ബർത്തീമായിയെപ്പോലെ സഭ വിളിച്ചപ്പോൾ അനുസരണത്തോടെ എഴുന്നേറ്റ് ചെന്നതു മൂലം ക്രിസ്തുവിന്റെ സമീപത്തെത്തുവാൻ നമ്മൾക്കും കഴിയും. അവന്റെ പുതപ്പ് ഉപേക്ഷിച്ചിട്ടാണ് യേശുവിന്റെ അരികിലേക്ക് ഓടുന്നത്.

ഇത് വലിയൊരു ആശയത്തിന്റെ ചിത്രീകരണമാണ്.

പാപത്തിന്റെയും അഹംഭാവത്തിന്റെയും സ്വാർത്ഥതയുടേയും പുതപ്പ് ഉപേക്ഷിച്ചിട്ട് വേണം നാമും ദൈവസന്നിധിയിലേക്ക് സമീപിക്കുവാൻ. അതിനു നമ്മെ പ്രാപ്തമാക്കുന്നത്. വി. കുമ്പസാരത്തിന്റെ അനുഭവമാണ് ഇന്ന് "ഹൂസോയോ സംസ്ക്കാരം" പടർന്ന് പന്തലിക്കുന്നതു മൂലം അനുതാപത്തിന്റെ അനുഭവം സഭയിൽ കുറയുന്നോ എന്ന് സംശയിച്ചു പോകുന്നു.

### 4. പ്രകാശത്തെ സ്നേഹിക്കുന്നു

സഹായ ഹസ്തവുമായി തന്റെ മുമ്പിൽ നിൽക്കുന്ന ക്രിസ്തുവിനോട് ബർത്തിമായി തന്റെ ഇംഗിതം അറിയിക്കുന്നു. അന്ധകാരത്തിൽ നിന്നും പ്രകാശമായവനിൽ നിന്ന് വെളിച്ചത്തിന്റെ അനുഭവത്തിലെത്തുവാനുള്ള അവന്റെ ആഗ്രഹം എത്ര ശ്രേഷ്ഠമാണ്! അത്ഭുത പ്രകാശമായ യേശു പകർന്ന് കൊടുക്കുന്ന പ്രകാശം ഉൾക്കൊള്ളുവാൻ ബർത്തിമായി എന്ന കുരുടന് കഴിഞ്ഞു.

ജീവിത യാത്രയിൽ വെളിച്ചത്തിൽ നടക്കുവാൻ കാംക്ഷിക്കുന്നവരാകണം ദൈവമക്കൾ. വെളിച്ചത്തിൽ വസിക്കുന്നവൻ തന്നിൽ വസിക്കുന്നുവെന്നും അവനിൽ ഇരുൾ അല്പം പോലും ഇല്ല എന്നും നാം ഓർത്തിരിക്കണം. നമ്മുടെ പിതാക്കന്മാർ പാടിയതു പോലെ നമ്മൾക്കും പാടാം–

"വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു

വെളിവീയടിയാരഖിലാധാരമതാം വെളിവും നീ

കാന്ത്യാ ഞങ്ങളെ നീ താതൻ

കതിരെ ശോഭിപ്പിക്കെന്നും"

### 5. അചഞ്ചലമായ വിശ്വാസം

ദൈവത്തിലുള്ള വിശ്വാസമാണ് ബർത്തിമായി എന്ന കുരുടന്റെ രോഗസൗഖ്യത്തിനുള്ള കാരണം. ആ വിശ്വാസത്തിന്റെ ആഴം യേശു തമ്പുരാൻ അളന്നു കൊണ്ട് അവിടുന്ന് ഇപ്രകാരം അരുളിചെയ്തു "പോക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു."

ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാണ് വിശ്വാസം (എബ്രാ 11:1). പൂർണ്ണമായി ദൈവത്തിൽ വിശ്വസിച്ചാൽ അത്ഭുതങ്ങൾ നമ്മുടെ ജീവിതത്തിലും സംഭവിക്കും. അത് നമ്മെ മാത്രമല്ല നാം ആയിരിക്കുന്ന കുടുംബത്തെയും, സമൂഹത്തെയും രക്ഷിക്കും.

സൗഖ്യം പ്രാപിച്ച ശേഷം ബർത്തിമായി തിരഞ്ഞെടുക്കുന്ന വഴി (10:525b) സത്യ വെളിച്ചത്തിന്റെ വഴിയായിരുന്നു. നിത്യതയിലേക്കുള്ള വഴിയായിരുന്നു. രക്ഷയുടെ സത്യ വെളിച്ചത്തിലേക്കുള്ള വഴിയിലൂടെ യേശുവിനെ അനുഗമിക്കുവാൻ നമ്മൾക്കും തീരുമാനമെടുക്കാം.

പ്രതിമാസചിന്തകൾ V

# സകല ബുദ്ധിയെയും ദുർബലമാക്കുന്ന കുരിശിന്റെ ശക്തി

## ഗുരുജി

"യേശുക്രിസ്തുവിനെ സ്വീകരിക്കുവാൻ നീ തയ്യാറാണോ?"

"ഇല്ല" ഉറച്ച മറുപടി

1968 ലെ ഒളിംപിക്സിനുവേണ്ടി സിൻസിനാറ്റി യൂണിവേഴ്സിറ്റിയിലെ നീന്തൽ കുളത്തിൽ പരിശീലനം നടത്തികൊണ്ടിരുന്ന ചാൾസ് മുറേയോട്, ഫോട്ടോഗ്രാഫർ ബിൽ ഗോതാർഡ് ചോദിച്ചതിനു ലഭിച്ച മറുപടിയാണിത്. ജീവിതത്തിൽ ഒരിക്കൽ പോലും ആരാധനയിൽ സംബന്ധിച്ചിട്ടില്ലാത്ത കുടുംബാന്തരീക്ഷത്തിൽ ജനിച്ചു വളർന്ന ചാൾസിന്റെ ഈ മറുപടി സ്വാഭാവികം മാത്രമായിരുന്നു.

**തന്റെ എല്ലാ ജ്ഞാനത്തെയും ശക്തിയേയും കുരിശിന്റെ ഈ രൂപം ദുർബലമാക്കുന്നതായി ചാൾസിനുഭവപ്പെട്ടു. ചാൾസിന്റെ ഹൃദയം ത്രസിച്ചു. ആ നില്പിൽ നിന്നുകൊണ്ട് കുരിശു രൂപത്തിലേക്ക് നോക്കി ഏതാനും നിമിഷം അദ്ദേഹം പ്രാർത്ഥനയിൽ ലയിച്ചു.**

പക്ഷേ ഈ ചോദ്യം ചാൾസ് മുറേയുടെ മനസ്സിൽ ചില ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു ഈ യേശു ആരാണ്? യേശു ക്രിസ്തുവിന്റെ കുരിശു മരണം എങ്ങനെയാണ് ലോകത്തിന്റെ പാപം നീക്കിക്കളഞ്ഞത്? തനിക്കും രക്ഷപ്രാപിക്കാൻ കഴിയുമോ? അങ്ങനെ പാപത്തെക്കുറിച്ചും മോക്ഷത്തെക്കുറിച്ചും ചാൾസ് കൂടെ കൂടെ പലതും ബിൽ ഗോതാർഡിനോട് ചോദിച്ചു മനസ്സിലാക്കിക്കൊണ്ടിരുന്നു.

ഒരിക്കൽ ചാൾസ് തന്റെ ഫോട്ടോഗ്രാഫറെ ടെലിഫോണിൽ വിളിച്ചു. രക്ഷയെക്കുറിച്ച് പുതിയ നിയമത്തിൽ സൂചിപ്പിക്കുന്ന ഏതാനും വാക്യങ്ങൾ കാണിച്ചു കൊടുക്കണമെന്നായിരുന്ന ചാൾസിന്റെ ആവശ്യം വി. പൗലൂസ് റോമർക്കെഴുതിയ ലേഖനം 10-ാം അദ്ധ്യായം 8-16 വരെയുള്ള വാക്യങ്ങൾ ആവർത്തിച്ചു വായിക്കാൻ ബിൽ ഗോതാർഡ് ചാൾസിനോട് പറഞ്ഞു.

കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും യഹൂദനെന്നോ, യവനനെന്നോ, വ്യത്യാസമില്ലാതെ രക്ഷിക്കപ്പെടും എന്ന സന്ദേശമാണ് ഈ വാക്യങ്ങളിലൂടെ ചാൾസിന് ലഭിച്ചത്.

പക്ഷേ തുടർന്നുള്ള വാക്യങ്ങൾ അദ്ദേഹത്തിന്റെ അസ്വസ്ഥത വർദ്ധിപ്പിച്ചതേയുള്ളൂ. വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും. കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും.?

വി. പൗലൂസ് കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിലെ 1:18 ഉം ഗലാത്യർക്കെഴുതിയ ലേഖനത്തിലെ 6:14 ഉം വായിക്കാൻ ബിൽ ഗോതാർഡ് ചാൾസ് മുറേയോട് വീണ്ടും ആവശ്യപ്പെട്ടു. കുരിശിന്റെ ശക്തി ഈ ലോകത്തിന്റെ ജ്ഞാനത്തെ ദുർബലമാക്കുന്നുവെന്ന ഈവാക്യങ്ങളിലെ സന്ദേശം ചാൾസിന്റെ ഹൃദയത്തിൽ ആഞ്ഞു പതിച്ചു.

ഒളിംപിക്സ് ദിനങ്ങൾ അടുത്തുവന്നുകൊണ്ടിരുന്നു. പകലും രാത്രിയിലുമായി കൂടുതൽ സമയം നീന്തൽ പരിശീലനത്തിനായി അദ്ദേഹം കണ്ടെത്തേണ്ടതായി വന്നു. യൂണിവേഴ്സിറ്റി അധികൃതർ ചാൾസിന്റെ പരിശീലനത്തിനായി കൂടുതൽ ക്രമീകരണങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു.

രാത്രിയിലെ പരിശീലനത്തിനായി ഒരു ദിവസം ചാൾസ് നീന്തൽ കുളത്തിലേക്ക് പോയി. സമയം രാത്രി 10-നും 11-നും ഇടയ്ക്ക്. പ്ലാറ്റ് ഫോമിൽ നിന്ന് കിഴുക്കാംതൂക്കായി പിന്നിലോട്ട് കുതിച്ച് പരിശീലിക്കുകയായിരുന്നു ലക്ഷ്യം. ഒക്ടോബർ മാസത്തിലെ ശാന്തമായ തെളിഞ്ഞ രാത്രി. പ്രകാശമാനമായ ചന്ദ്രബിംബം. ആദ്യത്തെ കുതിപ്പിനായി പ്ലാറ്റ് ഫോമിൽ ഏറ്റവും ഉയർന്ന ഭാഗത്തേക്ക് 10 മീറ്റർ ഉയരത്തിൽ ചാൾസ് കയറി പ്ലാറ്റ്ഫോമിന്റെ അറ്റത്തേക്ക് നീങ്ങി മുന്നിലെ ഭിത്തിക്ക് മുഖാമുഖമായി ചാൾസ് നിലഉറപ്പിച്ചു. രണ്ടു കൈയ്യും വശങ്ങളിലേക്ക് നീട്ടി ശരീരം ബാലൻസ് ചെയ്തു. നീന്തൽ കുളത്തിന്റെ പ്രകാശ ധാര ചാൾസിന്റെ ശരീരത്തിൽ പതിച്ചു. മുന്നിലെ ഭിത്തിയിലേക്ക് നോക്കിയപ്പോൾ കണ്ടകാഴ്ച അദ്ദേഹത്തെ അത്ഭുത പരവശനാക്കി. രണ്ടു വശത്തേക്കും കൈനിവർത്തി പിടിച്ചിരിക്കുന്ന തന്റെ ശരീരത്തിന്റെ നിഴൽ ഒരു കുരിശിന്റെ രൂപത്തിൽ ഇതാ ആ ഭിത്തിയിൽ തെളിഞ്ഞു നില്ക്കുന്നു. തന്റെ എല്ലാ ജ്ഞാനത്തെയും ശക്തിയേയും കുരിശിന്റെ ഈ രൂപം ദുർബലമാക്കുന്നതായി ചാൾസിനുഭവപ്പെട്ടു. ചാൾസിന്റെ ഹൃദയം ത്രസിച്ചു. ആ നില്പിൽ നിന്നുകൊണ്ട് കുരിശു രൂപത്തിലേക്ക് നോക്കി ഏതാനും നിമിഷം അദ്ദേഹം പ്രാർത്ഥനയിൽ ലയിച്ചു. ദൈവമേ! സകല പാപവും പൊറുത്ത് എന്നെ രക്ഷിക്കേണമേ 33 അടി ഉയരത്തിൽ ചാൾസ് യേശു ക്രിസ്തുവിനെ ദർശിച്ചു പ്രാർത്ഥിക്കുവാൻ തുടങ്ങി.

പെട്ടന്നാണ് നീന്തൽ കുളത്തിൽ പ്രകാശം പരന്നത്. നീന്തൽ കുളം നന്നാക്കുന്ന ജോലിക്കാർ രാത്രിയിൽ ഫ്ളാഷ് ലൈറ്റുമായി വന്നതായിരുന്നു. പിന്നിലേക്ക് തിരിഞ്ഞു നോക്കിയപ്പോൾ ചാൾസ് സ്തംഭിച്ചുപോയി. നീന്തൽ കുളത്തിൽ ഒരു തുള്ളി വെള്ളം പോലുമില്ല. അറ്റകുറ്റപണി ചെയ്യാൻ എത്തിയ ജോലിക്കാർ സന്ധ്യായപ്പോൾ നീന്തൽ കുളത്തിലെ മുഴുവൻ വെള്ളവും വറ്റിച്ചു കളഞ്ഞിരുന്നു. ചാൾസ് പിന്നിലേക്ക് ചാടി പരിശീലിച്ചിരുന്നെങ്കിൽ കുരിശിന്റെ രൂപം ഒരു വലിയദുരന്തം ഒഴിവാക്കി. ഈ സംഭവം ചാൾസിനെ പുതിയ മനുഷ്യനാക്കി. കർത്താവായ യേശുവിലല്ലാതെ എനിക്ക് പ്രശംസിപ്പാൻ ഇടവരരുത് എന്ന് ചാൾസ് ജീവിതം മുഴുവൻ ഉദ്ഘോഷിച്ചു. കുരിശ് രക്ഷയുടെ മാർഗ്ഗമാകുന്നുവെന്ന് അദ്ദേഹം പിന്നീട് വിശ്വസിച്ചു.



# ബൈബിൾ പദപ്രശ്നം IV

### വലത്തോട്ട്

1. 1898-ൽ കുർബ്ബാനക്രമം..........ഭാഷയിൽ അച്ചടിച്ചു. (4)
2. വെമ്മേക്കാട്ട് ബ്രാഹ്മണരിലെ വൃദ്ധൻ മാർതോമാശ്ലീഹായെ വിളിച്ച പേര്. (4)
4. പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും, കണ്ടനാട് ഭദ്രാസനാധിപനും ആയിരുന്ന കാലം ചെയ്ത മെത്രാപ്പോലീത്താ (പേരിന്റെ അവസാനം എഴുതിയാൽ മതി) (5)
5. ബലിസ്ഥലം സുറിയാനി വാക്ക് (4)
6. എല്ലാ ഭാഷയിലും ഒരുപോലെ ഉച്ചരിക്കുന്ന ആരാധനാ വാക്ക്. (4)
9. പഴയനിയമത്തിന്റെ എബ്രായ മൂലത്തിൽ നിന്ന് ഗ്രീക്കിലേക്കുള്ള പരിഭാഷ (5)
10. സമാധാനം സുറിയാനി വാക്ക് (2)
13. പൗരസ്ത്യ സഭയുടെ പ്രഥമ ആസ്ഥാനം (3)
14. മിസ്രയിമിൽ നിന്ന് പുറപ്പെട്ടവരിൽ കനാനിൽ പ്രവേശിച്ച രണ്ടു പേരിൽ ഒരാൾ (3)
15. കന്യകയുടെ ഗർഭത്തെപ്പറ്റി പ്പറഞ്ഞ പ്രവാചകൻ (4)
16. വി. തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ് ഇൻഡ്യയിൽ നിന്നും എഡേസായിലേക്ക് കൊണ്ടുപോയതിനെ സ്മരിക്കുന്ന ദിനം (4) (സുറിയാനിവാക്ക്)

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | | 3 | | 2 | | | |
| | 4 | | | | | 10 | |
| | | | 9 | | | | |
| | 5 | | | 6 | | 7 | |
| | | 17 | 14 | | | | 11 |
| | | | 13 | | | 8 | |
| 12 | | 15 | | | | | |
| | | 16 | | | | | |

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം
ജോർജി പി. മാത്യു
പാലനിൽക്കുന്നതിൽ
കല്ലിശ്ശേരി പി.ഒ.
ചെങ്ങന്നൂർ 689124

### താഴോട്ട്

1. ആദ്യം കേരളത്തിൽ ഉണ്ടായിരുന്ന സഭ (6)
2. എ.ഡി. 213-231 കാലത്തെ തോമാശ്ലീഹായുടെ പിൻഗാമി (3)
4. 1902, ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് ദിവംഗതനായി. തിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന സ്ഥലം (4)
5. മാർതോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളികളിൽ ഒന്ന് സ്ഥിതി ചെയ്യുന്ന സ്ഥലം (5)
6. "ദൈവത്തിനു സ്തുതി". സുറിയാനി വാക്ക് (4)
7. "അപേക്ഷ" സുറിയാനി പദം (4)
8. "ഒറൈത്താ" സുറിയാനി പദത്തിന്റെ അർത്ഥം (3)
11. നിഖ്യാ സുന്നഹദോസിലെ ഇൻഡ്യയുടെ പ്രതിനിധി. (4)
12. നിഖ്യാ സുന്നഹദോസ് കാലത്തെ കാതോലിക്ക. (2)
17. "നില്പ്" എന്നർത്ഥം വരുന്ന പദം (2)

## ബൈബിൾ പദപ്രശ്നം II

### സമ്മാനം നേടിയവർ

ശരിയുത്തരം അയച്ചുതന്നവർ

1. ജിൻസി ജോർജ്, ആവണേശ്വരം
2. അന്നാമ്മ മത്തായി, ആലുവ.
3. മോളി മാത്യു, കോഴഞ്ചേരി.
4. ആലീസ് ഏബ്രഹാം, കോയമ്പത്തൂർ.

| | | | | | | | |
|---|---|---|---|---|---|---|---|
| 1 കൂ | ദോ | ശ് | 2 ഈ | ത്തോ | 6 നാ | 10 ബാ | ൽ |
| ന | 4 സാ | റാ | സ്റ്റ | 8 ഹ | 9 ന | ലാ | 17 ന |
| ൻ | 3 ക | ഫ | ർ | ന്ന | ഹും | ക്ക് | യ |
| 5 കു | ർ | ബ്ബാ | 11 ന | ഫ് | താ | ലി | 18 മ |
| രി | മ്മേ | 12 യൂ | ഹും | 14 ശാ | യോ | സ് | ന |
| 7 ശു | ൽ | 13 ദാ | വീ | ദ് | 19 ജോ | ബ് | ശ്ലെ |
| സ | മാ | 15 ഗ | 20 മ | ന | കൂ | ടാ | രം |
| ത്യം | 16 ഗ | ത്ത് | ന്ന | 21 യോ | ക്ക | ബേ | ദ് |

മനുഷ്യജീവിതത്തിലെ ഈശ്വര കൃതമായ ഇത്തരം സംരക്ഷണത്തെ യാദൃച്ഛികം എന്ന് യുക്തി വാദികൾ വ്യാഖ്യാനിച്ചേക്കാം. പക്ഷേ സ്വന്തം വ്യക്തി ജീവിതത്തിൽ ഇത്തരം അനുഭവങ്ങൾ ഉണ്ടാവുമ്പോൾ ചാൾസ് മുറയെപ്പോലെ അവരും പുതിയ മനുഷ്യരായിത്തീരുന്നു. ഞാൻ നിന്നോടു കൂടി ഉണ്ട്. ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവമാകുന്നു. ഞാൻ നിന്നെ ശക്തികരിക്കും. ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലംകൈ കൊണ്ട് ഞാൻ നിന്നെ താങ്ങും (യെശയ്യാവു 4:10). സ്വന്തം ജനമായ യിസ്രായേൽ ജനതയ്ക്കു നൽകിയ അതേ വാഗ്ദാനം ദൈവം ഇപ്പോഴും നമുക്കു തരുന്നു. ജീവിതത്തിൽ ഇന്നുവരെ ദൈവത്തിലല്ലാതെ മറ്റെന്തിലെങ്കിലും, പണം, പദവി, അധികാരം, കുടുംബബന്ധങ്ങൾ, സൈനികശക്തി- ആണ് നിങ്ങൾ വിശ്വാസം അർപ്പിച്ചിരിക്കുന്നതെങ്കിൽ അല്പ നേരം നിന്ന് ഗൗരവമായ ഈ ചോദ്യങ്ങൾ നിങ്ങളോടു തന്നെ ചോദിക്കുക. ഇതൊക്കെ ശാശ്വതമാണോ? ഞാൻ ആഗ്രഹിക്കുന്ന നിത്യസമാധാനവും സന്തോഷവും പകരാൻ അവ പര്യാപ്തമാണോ. നമ്മെ തന്നേ സ്വയം ക്രൂശിച്ചു പുതുക്കം പ്രാപിക്കാനുള്ള ശക്തിയുടെ പ്രതീകമാണ് കുരിശ്. ചാൾസ് മുറേയോടെന്ന പോലെ നമുക്കു വഴി കാണിക്കും. അപ്പോൾ "ഞാൻ ക്രിസ്തുവിനോടു കൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ" എന്ന് നമുക്കും ഉദ്ഘോഷിക്കാൻ കഴിയും.

# മരുഭൂമിയിലെ നീരുറവ

## (സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ)

**STOC Office, Basil Jubilee Center**
**Bethani Aramana, Thiruvalla, Kerala-689101**

1975 സെപ്റ്റംബർ 12-ാം തീയതി അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻ പതിവുപോലെ 2001-ലും താഴെ പറയുന്ന ജീവകാരുണ്യ ധനസഹായങ്ങൾക്ക് അർഹരായവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ചികിത്സാസഹായത്തിന് ജാതിമത ഭേദമന്യേ ആർക്കും അപേക്ഷിക്കാം. മറ്റു സഹായങ്ങൾ സഭാംഗങ്ങൾക്കു മാത്രം നൽകുന്നു.

**1. ചികിത്സാ ധനസഹായം:** മാരക രോഗങ്ങൾ ബാധിച്ച് നിരാലംബരും സാധുക്കളുമായ രോഗികൾക്കു പരിമിതമായ ധനസഹായം നൽകുന്നു. ഓർത്തഡോക്സ് സഭാംഗങ്ങൾ അതാതു പള്ളി വികാരിയുടെയും, അല്ലാത്തവർ സമീപത്തുള്ള ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശയും, രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തികൊണ്ടുള്ള ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. കൂടാതെ കങ്ങഴ, പരുമല, ശാസ്താംകോട്ട, കാര്യംപാടി (കണ്ണാശുപത്രി) ഇടുക്കി എന്നീ സ്ഥലങ്ങളിലെ സഭാവക മിഷൻ ആശുപത്രികൾ വഴിയായും സാധുക്കളായ രോഗികളെ സഹായിച്ചുവരുന്നു.

**2. വിവാഹ ധനസഹായം:** സാമ്പത്തീക പരാധീനതമൂലം വിവാഹം നടത്തുവാൻ ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ 25 പെൺകുട്ടികളുടെ വിവാഹത്തിന് 15,000 രൂപ വീതം നൽകുന്നു. ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ശുപാർശയോടുകൂടി അപേക്ഷ അയച്ചിരിക്കണം. അർഹരായവർക്ക് ദേശക്കുറിയുടെ അല്ലെങ്കിൽ വിളിച്ചുചൊല്ലലിന്റെ കോപ്പി കിട്ടിയതിനു ശേഷമേ ധനസഹായം നൽകുകയുള്ളു. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു മുൻഗണന നൽകുന്നു.

**3. ജീവസന്ധാരണ ധനസഹായം:** അംഗവൈകല്യം സംഭവിച്ച അശരണർക്കും, തയ്യൽ തുടങ്ങിയ തൊഴിൽ പരിശീലനം നേടിയിട്ടുള്ള നിർദ്ധനർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിമിതമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ശുപാർശയോടു കൂടി അപേക്ഷിക്കുക.

**4. വിദ്യാഭ്യാസ ധനസഹായം:** നിർധനരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്കു എസ്.എസ്.എൽ.സി. ക്കു ശേഷമുള്ള വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നു. ഫൈനൽ പരീക്ഷയുടെ മാർക്കുലിസ്റ്റും കോഴ്സു സർട്ടിഫിക്കറ്റും (ഇടവക വികാരി അറ്റസ്റ്റു ചെയ്ത കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 2001 ആഗസ്റ്റ് 30-ന് മുമ്പ് കിട്ടിയിരിക്കണം.

**5. ഭവന നിർമ്മാണ ധനസഹായം:** 46 വയസിൽ താഴെയുള്ള വിധവകളുടെ അപേക്ഷയിൽ നിന്നും **STOC** സ്ത്രീസമാജം ഭവനധനസഹായം (40,000 രൂപാ) നൽകുന്നു. ഇതിലേക്ക് കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും അപേക്ഷിക്കാവുന്നതാണ്. സഹായം ലഭിച്ചാൽ പണിയുടെ പൂർണ ചുമതല ഏറ്റെടുത്ത് നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും, അപേക്ഷകന് സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിന്റെ തെളിവും ചേർത്ത അപേക്ഷകൾ 2001 സെപ്റ്റംബർ 20-ന് മുമ്പ് കിട്ടിയിരിക്കണം.

**6. Medical Camp:** കോൺഗ്രിഗേഷന്റെ **sponsership**-ൽ ഒരു സൗജന്യ **Medical Camp 2002**മേയ്/ജൂൺ മാസത്തിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. ആയത് ഏറ്റെടുത്ത് നടത്തുവാൻ താൽപര്യമുള്ളതും, കങ്ങഴ **Medical Mission** ആശുപത്രിക്കു 80 കിലോമീറ്റർ ദൂരപരിധിയിലുള്ള ഇടവകയിലെ ആദ്ധ്യാത്മീക സംഘടനകളിൽ നിന്നു അപേക്ഷകൾ 2002 ഏപ്രിൽ 30-ന് മുമ്പ് കിട്ടിയിരിക്കണം.

**Notes:**

1. അപേക്ഷാഫാറവും മറ്റു നിബന്ധനകളും മലങ്കരസഭയുടെ മാർച്ച് ലക്കത്തിൽ നിന്നോ **STOC Office** -ൽ നിന്നോ ലഭിക്കുന്നതാണ്.
2. മലങ്കരസഭയുടെ മാർച്ച് ലക്കത്തിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
3. അപൂർണ്ണവും, ആവശ്യപ്പെട്ടിട്ടുള്ള രേഖകളില്ലാത്തവും ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
4. കൂടുതൽ പരിഗണനാർഹമായ അപേക്ഷകൾ തെരഞ്ഞെടുത്തു സഹായം എത്തിക്കുന്നതാണ്.

**അപേക്ഷ ശുപാർശ ചെയ്യുന്ന ബഹു. വികാരിമാരുടെ ശ്രദ്ധയ്ക്കു:**

അപേക്ഷകൾ സസൂഷ്മം പരിശോധിച്ച് അർഹമായുള്ളവ മാത്രം അയയ്ക്കണമെന്നു താൽപര്യപ്പെടുന്നു. കൂടാതെ, ആവശ്യപ്പെട്ടിരുന്ന രേഖകൾ എല്ലാം ഉണ്ടോ എന്നും, അപേക്ഷകന്റെ ഭൂസ്വത്ത്, വരുമാനം, വയസ്സ്, ആശ്രിതരുടെ വിവരങ്ങൾ എന്നിവ വിശ്വസനീയമാണോ എന്നും ബഹു. വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം.

**Letterhead**-ൽ എഴുതിയ ശുപാർശയിൽ പള്ളി സീലും, ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ മുന്നിൽ രണ്ട് അംഗങ്ങളുടെ എങ്കിലും ഒപ്പും ഉണ്ടായിരിക്കണം.

# പള്ളികളുടെ പദവി

അഡ്വ. പി.വി. വർഗീസ്, പൂവത്തിനാൽ, ഹൈദ്രബാദ്

*യാതൊരു മാനദണ്ഡവുമില്ലാതെ പള്ളികളെ, കത്തീഡ്രലും, വലിയപള്ളിയും ഒക്കെയായി പ്രഖ്യാപിക്കുന്ന പ്രവണത വർദ്ധിച്ചു വരികയാണല്ലോ. യഥാർത്ഥത്തിൽ പള്ളികളുടെ തരംതിരുവുകൾ ഏതടിസ്ഥാനത്തിലാണ് നടത്തേണ്ടത് - വായനക്കാരുടെ അഭിപ്രായം ക്ഷണിക്കുന്നു.*

പള്ളികളുടെ വിവിധ ഗ്രേഡുകളെ സംബന്ധിച്ച് ഒരു ചെറിയ പഠനം നടത്തുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

### 1. കത്തീഡ്രൽ

ഒരു ഭദ്രാസനത്തിലെ ഏറ്റവും വലിയ പള്ളി എന്ന് ഓക്സ്ഫോർഡ് ഡിക്ഷനറിയിൽ അർത്ഥം കൊടുത്തിരിക്കുന്നു. ബിഷപ്പിന്റെ ആസ്ഥാനമായിട്ടുള്ള പള്ളി എന്ന് മറ്റൊരു ഡിക്ഷനറിയിലും കാണാൻ കഴിഞ്ഞു. എന്നാൽ നമ്മുടെ സഭയിൽ ഭദ്രാസന മെത്രാപ്പോലീത്തായുടെ ആസ്ഥാനത്തിനടുത്തുള്ള ഒരു വലിയ ഇടവക പള്ളിക്കാണ് ഈ സ്ഥാനം മുമ്പ് ലഭിച്ചിരുന്നത്. അങ്ങനെ ഒരു ഭദ്രാസനത്തിൽ ഒരു കത്തീഡ്രൽ മാത്രമേ മുമ്പ് ഉണ്ടായിരുന്നുള്ളു. കത്തോലിക്കാ, സി.എസ്.ഐ. സഭകൾക്കും കത്തീഡ്രലുകൾ ഉണ്ട്. മാർത്തോമ്മാ സഭ പള്ളികൾക്ക് വിവിധ ഗ്രേഡ് നൽകുന്നതായി കാണുന്നില്ല.

### 2. വലിയ പള്ളി

വലിപ്പമുള്ള പള്ളി എന്ന നിലയിലാണ് മുമ്പ് വലിയ പള്ളികളെ അറിയപ്പെട്ടിരുന്നത്. എന്നാൽ ഇപ്പോൾ ഒരു സ്ഥാനമായും നൽകുന്നു.

### 3. പള്ളി

പ്രത്യേകിച്ച് നാമ വിശേഷണമൊന്നുമില്ലാത്ത സാധാരണ പള്ളി. ഇങ്ങനെയുള്ളവയാണ് നമ്മുടെ സഭയിൽ ഭൂരിപക്ഷവും.

### 4. ചെറിയപള്ളി

രണ്ടു പള്ളികൾ അടുത്തടുത്തുള്ളപ്പോൾ തിരിച്ചറിയുന്നതിനാണ് ഈ നാമകരണം. ഉദാഹരണത്തിന് ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയും തൊട്ടടുത്തുള്ള ചെറിയപള്ളിയും.

### 5. ചാപ്പൽ

"കത്തീഡ്രലോ ഇടവകപ്പള്ളിയോ അല്ലാത്ത ക്രിസ്ത്യൻ ആരാധനക്കുപയോഗിക്കുന്ന സ്ഥലം" എന്നാണ് ഓക്സ്ഫോർഡ് ഡിക്ഷണറിയിൽ ചാപ്പലിനു കൊടുത്തിരിക്കുന്ന അർത്ഥം. നമ്മുടെ സഭയിൽ അരമന, ആശ്രമം, ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ആരാധനാ സൗകര്യത്തിന് പ്രസ്തുത സ്ഥാപനങ്ങളുടെ ഉള്ളിൽ തന്നെ തയാറാക്കിയിരിക്കുന്ന ഹാൾ മാത്രമാണ് ചാപ്പൽ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പട്ടാള ക്യാമ്പുകൾ എന്നിവയിലും കണ്ടേക്കാം.

### 6. കുരിശിൻതൊട്ടി അഥവാ കുരിശടി

ഒരു ഇടവകയുടെ അതിർത്തിയിലായി രണ്ടോ മൂന്നോ സ്ഥലത്തുകാണും. പരിസരവാസികളും കടന്നു പോകുന്നവരും മെഴുകുതിരി കത്തിക്കുകയും നേർച്ച ഇടുകയും ചെറിയ പ്രാർത്ഥന നടത്തുകയും ചെയ്യാറുണ്ട്.

### 7. ബസിലിക്ക

"ആർച്ചോടുകൂടിയതോ താഴികക്കുടത്തോടു കൂടിയതോ ആയ വളരെ നീളത്തിൽ ഉള്ള പള്ളി" എന്നാണ് ഓക്സ്ഫോർഡ് ഡിക്ഷണറിയിൽ കൊടുത്തിരിക്കുന്ന അർത്ഥം. കത്തോലിക്കാ സഭയിലാണ് ബസിലിക്ക. അധികവും ഉള്ളത്. കത്തീഡ്രലിനും ഉയർന്ന സ്ഥാനമാണുള്ളത്. പോപ്പിന്റെ ആ സ്ഥാനത്തിനടത്ത് സെന്റ് പീറ്റേഴ്സ് ബസിലിക്കാ ഉണ്ട്. അവിടെ അദ്ദേഹം വിശേഷ ദിവസങ്ങളിൽ വി. കുർബ്ബാന അർപ്പിക്കുന്നു.

### 8. ഫോറേന

കത്തോലിക്കാ സഭയിൽ മാത്രമാണുള്ളത്. കത്തീഡ്രലിനു തുല്യം. എങ്കിലും കത്തീഡ്രലാണ് ഗ്രേഡിൽ അല്പം കൂടി വലുത്.

### 9. കപ്പേള

നമ്മുടെ കുരിശിൻ തൊട്ടിക്കും കുരിശടിക്കും പകരമായി കത്തോലിക്കാ സഭയിൽ ഉള്ളത്.

**ഒന്നാം ചരമവാർഷികം**

**12-7-2001**




*ഞാൻ നല്ല പോർ പൊരുതുഓട്ടം തികച്ചു, വിശ്വാസം കാത്തു ഇനി നീതിയുടെ കിരീടം എനിയ്ക്കായി കാത്തിരിക്കുന്നു.*
*2 തിമോ. 4:7*

**Rev. Sister Elizabeth C.L.G.**

*Inserted by*

**Sister Nazareth**
**& Family Members**



# മലങ്കരയ്ക്ക് ഒരു അഞ്ചാം തുബ്ദേൻ

എം. കുര്യൻ തോമസ്

**മഹാ പരിശുദ്ധനായ പരുമലതിരുമേനിക്ക് പ്രാർത്ഥിച്ചും പ്രവർത്തിച്ചും പരിശുദ്ധ പദം കയറാൻ ഒരു സഭ ഇവിടെ ഉണ്ടായിരിക്കുന്നത്, പറങ്കികളോട് പോരാടി 13 വർഷക്കാലം ഒറ്റമുണ്ടുമായി കാട്ടിലും മേട്ടിലും ഒളിച്ചു നടന്ന മഹാനായ ഒന്നാം മാർത്തോമ്മായുടെ കഷ്ടപ്പാടുമൂലമല്ലേ? അതിനാൽ അദ്ദേഹത്തിന്റെ പേരല്ലേ ആദ്യം തുബ്ദേനിൽ ഓർക്കേണ്ടത്?**

1947 നവംബർ രണ്ടിനാണ് പ. യൽദോ ബസേലിയോസ് ബാവായെയും പ. പരുമലതിരുമേനിയേയും പരിശുദ്ധൻമാരായി പ്രഖ്യാപിച്ചതും. അവരുടെ പേരു തുബ്ദേനിൽ ചേർക്കാൻ മലങ്കരസഭ അനുവദിച്ചതും. എന്നാൽ അരനൂറ്റാണ്ടിനുശേഷമാണ് തുബ്ദേന്റെ കാര്യത്തിൽ ഭാഗികമായെങ്കിലും ഈ നിർദ്ദേശം നടപ്പാക്കിയത്. മലങ്കര സഭയിലെ പാത്രിയർക്കീസ് വിഭാഗം മറ്റു ചില പേരുകൾ കൂടി അഞ്ചാം തുബ്ദേനിൽ ചേർത്തിട്ടുണ്ട്. സമീപകാലത്ത് വടക്കൻ പറവൂർ കബറടങ്ങിയിരിക്കുന്ന മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദനെ, ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് പരിശുദ്ധനായി പ്രഖ്യാപിച്ചെങ്കിലും തുബ്ദേനിൽ ചേർക്കാൻ അനുവദിച്ചിട്ടില്ല. ഇതിനെപ്പറ്റിയുള്ള വാദപ്രതിവാദങ്ങൾ ഇനിയും അവസാനിച്ചിട്ടില്ല.

സഭാചരിത്ര ഗവേഷകനായ ജേക്കബ് തോമസ് നടുവിലേക്കര ഉന്നയിക്കുന്ന പ്രസക്തമായ ഒരു ചോദ്യമുണ്ട്. "മഹാ പരിശുദ്ധനായ പരുമലതിരുമേനിക്ക് പ്രാർത്ഥിച്ചും പ്രവർത്തിച്ചും പരിശുദ്ധ പദം കയറാൻ ഒരു സഭ ഇവിടെ ഉണ്ടായിരിക്കുന്നത്, പറങ്കികളോട് പോരാടി 13 വർഷക്കാലം ഒറ്റമുണ്ടുമായി കാട്ടിലും മേട്ടിലും ഒളിച്ചു നടന്ന മഹാനായ ഒന്നാം മാർത്തോമ്മായുടെ കഷ്ടപ്പാടുമൂലമല്ലേ? അതിനാൽ അദ്ദേഹത്തിന്റെ പേരല്ലേ ആദ്യം തുബ്ദേനിൽ ഓർക്കേണ്ടത്?" ഈ പശ്ചാത്തലത്തിൽ മലങ്കരയിൽ ഇന്നുപയോഗിക്കുന്ന അഞ്ചാം തുബ്ദേൻ പൂർണമാണോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ വിഷയത്തിന്റെ പഠനത്തിനു അഞ്ചാം തുബ്ദേന്റെ ഘടന പരിശോധിക്കേണ്ടിയിരിക്കുന്നു. മാർ സ്തേഫാനോസ് സഹദാവരെയുള്ള അപ്പോസ്തോലിക പിതാക്കന്മാർ നാലാം തുബ്ദേനിൽ സ്മരിക്കപ്പെടുന്നു. അതിനുശേഷമുള്ള സഭാപിതാക്കന്മാരുടെ പേരുകളാണ് അഞ്ചാം തുബ്ദേനിൽ ചേർത്തിരിക്കുന്നത്. ഇവരെ പൊതുവിൽ "സ്തുതി ചൊവ്വാക്കപ്പെട്ട ഓർത്തഡോക്സ് വിശ്വാസം സംരക്ഷിയ്ക്കുവാനും നിലനിർത്തുവാനും വിവിധ നിലകളിൽ മഹത്തായ സംഭാവന നൽകിയവർ" എന്നു വിശേഷിപ്പിക്കാം.

ഇവരിൽ സത്യവിശ്വാസത്തെ വ്യാഖ്യാനിച്ച് ഉറപ്പിച്ച മാർ ബസേലിയോസ്, ഗ്രീഗോറിയോസ്, മുതലായ പണ്ഡിതന്മാരുണ്ട്. വേദവിപരീതങ്ങളെ തളച്ച മാർ കൂറിലോസ്, ദീയസ്ക്കോറോസ് മുതലായ സഭാദ്ധ്യക്ഷന്മാരുണ്ട്. ആരാധനാ സംഗീതം പരിപുഷ്ടമാക്കിയ മാർ അപ്രേം, മാർ യാക്കോബ്, മാർ ബാലായി തുടങ്ങിയ കവികളുണ്ട്. മാർ യാക്കോബ് ബുർദ്ദാനായെപ്പോലെ സ്വന്ത ജീവിതവും പ്രവർത്തനവും കൊണ്ട് സത്യ വിശ്വാസം നിലനിർത്തിയവരുമുണ്ട്. തുബ്ദേന്റെ അന്ത്യ ഭാഗത്ത് ജീവിത വിശുദ്ധികൊണ്ടും അത്ഭുതപ്രവർത്തനം കൊണ്ടും സന്യാസ നിഷ്ടകൊണ്ടും ശ്രദ്ധേയരായ മാർ ശെമഓൻ ദെസ്തുനിയെപ്പോലുള്ളവരുമുണ്ട്. എങ്കിലും ഈ തുബ്ദേൻ, തങ്ങളുടെ രചനകൾ, പ്രവർത്തനം, വേദവ്യാഖ്യാനം മുതലായ സംഭാവന കൊണ്ട് സഭയെ സത്യ വിശ്വാസത്തിൽ നിലനിർത്തിയവരെയാണ് സ്മരിക്കുവാൻ ഉപദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. അവസാന ഭാഗത്തെ പേരുകൾ പിൽക്കാല പ്രാദേശിക പാരമ്പര്യങ്ങളാണ്.

വിശാലമായ മദ്ധ്യപൗരസ്ത്യ ദേശത്തെ വിവിധ പോക്കറ്റുകളിലായി ചിതറിക്കിടക്കുന്ന അന്ത്യോഖ്യൻ സുറിയാനി സഭയ്ക്ക് അനേകം ആരാധനാ പാരമ്പര്യങ്ങൾ പ്രാദേശികമായി ഉണ്ടായിരുന്നു. അച്ചടിയോ കേന്ദ്രീകൃത വൈദിക വിദ്യാഭ്യാസമോ ഇല്ലായിരുന്ന നൂറ്റാണ്ടുകളിൽ അടിസ്ഥാന ആരാധനാക്രമത്തിൽ പ്രാദേശീകമായ പല വെട്ടിച്ചുരുക്കലുകളോ കൂട്ടിച്ചേർക്കലുകളോ നടത്തി തനതു രീതികൾ വികസിപ്പിച്ചെടുത്തിരുന്നു. യറുശലേം, എഡേസ, ആമീദ്, മർദീൻ, തുറബ്ദീൻ, മൂസൽ, എന്നീ സ്ഥലങ്ങളിലും മാർ ബർസോമ്മ, മാർ ഗബ്രീയേൽ, മാർഹനനിയ (കുർക്കുമ) എന്നീ ദയറാകളിലും തനതു പാരമ്പര്യങ്ങൾ ഉണ്ടായിരുന്നതായി സിറിയൻ സഭാചരിത്രകാരന്മാർ സാക്ഷിക്കുന്നു. ഓരോ പ്രാദേശിക പാരമ്പര്യവും അവർക്ക് പ്രത്യേക ബന്ധവും താൽപ്പര്യവുമുള്ളവരുടെ പേരുകൾ ശുശ്രൂഷാ ക്രമങ്ങൾ ചേർക്കുക സ്വാഭാവികമാണ്.

ഉദാഹരണത്തിന് മലങ്കരസഭ ഇന്നുപയോഗിക്കുന്ന പട്ടംകൊടക്രമം മാർ മത്തായിയുടെ ദയറായിലെ പാരമ്പര്യ പ്രകാരമാണെന്ന് വ്യക്തമായ തെളിവ് അതിൽത്തന്നെയുണ്ട്. പട്ടാഭിഷേക പ്രഖ്യാപനത്തിൽ മാർ മത്തായി, മാർ സഖായി, മാർ മൂശ, മാർ യൂലിയാന, മാർ ബഹനാം സഹദാ എന്നീ അഞ്ചു പേരുകളാണ് പറയുന്നത്. ഇവരിൽ മാർ



മത്തായി ദയറാസ്ഥാപകനും അടുത്ത മൂന്നുപേർ മാർ മത്തായിക്കു ശേഷം ദയറാദ്ധ്യക്ഷന്മാരും മാർ ബഹനാംസഹദാ, മാർ മത്തായിയുടെ ശിഷ്യനുമാണ്. അതേ സമയം നാല്പതു ശ്രേഷ്ഠസഹദേന്മാരുടെ പേരിലാണ് മറ്റു ചില പട്ടാഭിഷേക പ്രഖ്യാപനങ്ങൾ നടത്തുന്നത്. ഇത് രണ്ടും വ്യത്യസ്ഥ പാരമ്പര്യങ്ങളാണ്.

1789-ൽ വലിയ മാർ ദീവന്ന്യാസ്യോസും മാർ ഈവാനിയോസ് യൂഹാനോനും തമ്മിൽ മാവേലിക്കര വെച്ചുണ്ടാക്കിയ സന്ധിപ്രകാരമാണ് അന്ത്യോഖ്യൻ കുർബ്ബാന തക്സയും പട്ടംകൊട ക്രമവും മലങ്കര സഭ ഔദ്യോഗികമായി അംഗീകരിച്ചത്. പക്ഷേ പിന്നീട് ഒരു നൂറ്റാണ്ടു കൊണ്ടാണ് ഇത് ഏതാണ്ടു പൂർണ്ണമായി മലങ്കരയിൽ പ്രചരിച്ചത്. അതിൽ തന്നെ തെക്കും വടക്കും വ്യത്യസ്ഥമായ രണ്ടു പാരമ്പര്യങ്ങൾ നിലനിന്നിരുന്നു. ആരാധനാക്രമങ്ങളുടെ മലയാള പരിഭാഷ പ്രചാരത്തിൽ വന്ന ശേഷമാണ് ഇത് ഏതാണ്ട് ഏകീകരിക്കപ്പെട്ടത്. വിവിധ കാലങ്ങളിൽ വിവിധ പാരമ്പര്യങ്ങളിൽ നിന്നും വന്ന അന്ത്യോഖ്യൻ മേല്പട്ടക്കാരിൽ നിന്നും ലഭിച്ച തക്സാ വിവിധ സ്ഥലങ്ങളിൽ ഉപയോഗിച്ചതിനാലാണ് ഇപ്രകാരം വൈജാത്യം ഉണ്ടായത്.

എങ്കിലും ഇന്നു മലങ്കരസഭ ഉപയോഗിക്കുന്ന അഞ്ചാം തുബ്ദേൻ ആണ് പ്രചാരം നേടിയത്. 1856-ൽ കോഴിക്കോട് അച്ചടിച്ച കുർബ്ബാന ക്രമത്തിൽ ആദ്യ മലയാള പരിഭാഷയോടെ ഈ തുബ്ദേൻ ഇവിടെ സ്ഥിരപ്രതിഷ്ഠ നേടി. ഇതിൽ പേരു പറയുന്നവരെ പരിശുദ്ധൻമാരായി മാത്രമാണ് ഇന്നു പരിഗണിക്കുന്നത് അതിനാൽ പരിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്നവരുടെ പേരുകൾ മാത്രം ചേർക്കാനുള്ള ഒരു തുബ്ദേനായി മാത്രമാണ് ഇന്നിതിനെ കരുതുന്നത്.

ഇന്ന് ഉപയോഗിക്കുന്നതു കൂടാതെ മറ്റ് അനേകം പാഠഭേദങ്ങൾ അഞ്ചാം തുബ്ദേനുണ്ട്. അവയിൽ നാലെണ്ണമെങ്കിലും മലങ്കരയിൽ ലഭ്യമായിരുന്നു. 1923-ൽ പാമ്പാക്കുട നിന്നും പ്രസിദ്ധീകരിച്ച സുറിയാനി കുർബാന ക്രമത്തിൽ ഇന്ന് ഉപയോഗിക്കുന്നതടക്കം നാലു വ്യത്യസ്ഥ അഞ്ചാം തുബ്ദേനുകൾ ചേർത്തിരുന്നു. അവയിൽ ഏറ്റവും ചെറുത് ഇന്നുപയോഗിക്കുന്നതും ഏറ്റവും വലുത് നോയമ്പിലും മാറായാന പെരുന്നാളുകളിലും ഉപയോഗിക്കാനുള്ളത് എന്ന തലക്കെട്ടു ചേർത്തതുമാണ്.

ഇവയിൽ ഇന്നുപയോഗിക്കുന്ന തുബ്ദേനിലുള്ള പല പേരുകളും കാണാനില്ല. എന്നാൽ മറ്റു പല പേരുകളും ചേർത്തിട്ടുണ്ട്. മൂന്നാമത്തെ പാഠാന്തരം ഏറ്റവും വലിയ (പെരുന്നാളുകൾക്കുള്ളത്) തുബ്ദേന്റെ സംഷിപ്ത രൂപമാണോ എന്നു സംശയമുണ്ട്. ഓരോ പേരുകാരെപ്പറ്റിയുള്ള വിവരണങ്ങളാണ് ഈ തുബ്ദേനുകളുടെ ദൈർഘ്യം കൂട്ടുന്നത്. പാത്രിയർക്കീസ് വിഭാഗം ഉദയഗിരി സെമിനാരിയിൽ നിന്നും പ്രസിദ്ധീകരിച്ച വി. കുർബ്ബാന ക്രമത്തിൽ പെരുന്നാളുകൾക്കുള്ള വലിയ തുബ്ദേനൊഴികെ മറ്റു രണ്ടു പാഠാന്തരവും പരിഭാഷപ്പെടുത്തി ചേർത്തിട്ടുണ്ട്. ഇതിൽ നിന്നും, മാറ്റം വരുത്താൻ പാടില്ലാത്ത ഒന്നല്ല അഞ്ചാം തുബ്ദേൻ എന്നു വ്യക്തമാണ്.

അഞ്ചാം തുബ്ദേനിൽ മേല്പട്ടക്കാരുടെ പേരുകൾ മാത്രമേ ചേർക്കാവൂ എന്ന ധാരണയും തെറ്റാണ്. മാർ അപ്രേം ഒരു ശെമ്മാശനും മാർ ബാലായി ഒരു കോർ എപ്പിസ്കോപ്പയുമായിരുന്നു. അവരുടെ പട്ടത്വ ശ്രേണിയല്ലാ സംഭാവനകളാണ് തുബ്ദേനിൽ അവർക്ക് ഇടം നൽകിയത്. മുമ്പു പറഞ്ഞതുപോലെ സത്യവിശ്വാസത്തെ നിലനിർത്തി ഉറപ്പിക്കുവാൻ പോരാടിയവരിൽ പ്രമുഖരുടെ പേരുകളാണ് അഞ്ചാം തുബ്ദേനിൽ സ്മരിക്കുന്നത്. ഉദാഹരണത്തിന് മാർ യാക്കോബു ബുർദ്ദാന അത്ഭുത പ്രവർത്തകനോ, പണ്ഡിതനോ, സഭാദ്ധ്യക്ഷനോ ആയിരുന്നില്ല. പക്ഷേ അദ്ദേഹത്തിന്റെ പ്രവർത്തനമാണ് സുറിയാനി സഭയുടെ പൂർവ ഭാഗത്ത് സത്യവിശ്വാസം നിലനിർത്തിയത്.

ഈ മാനദണ്ഡം വെച്ച് നോക്കിയാൽ മലങ്കര സഭയെ രണ്ടു സഹസ്രാബ്ദകാലത്തെ പ്രതിസന്ധികൾക്കിടയിൽ സത്യ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തിയ അനേകർ ഈ തുബ്ദേനിൽ സ്മരിക്കപ്പെടുവാൻ അർഹരാണ്. ഇവരിൽ മദ്ധ്യപൗരസ്ത്യ ദേശത്തു നിന്നും വന്നവരും മലയാളികളുമുണ്ട്. മേല്പട്ടക്കാരും പട്ടക്കാരുമുണ്ട്. മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ്, ഇവരെപ്പോലെയുള്ള പണ്ഡിതരും, മാർ അപ്രേമിനെപ്പോലെ സാഹിത്യ സംഭാവന നടത്തിയവരും, മാർ കൂറിലോസിനെപ്പോലെ വേദവിപരീതം അമർച്ച ചെയ്തവരും, സർവോപരി, മാർ യാക്കോബ് ബുർദാനായെപ്പോലെ മലങ്കര സഭയെ സത്യവിശ്വാസത്തിൽ നില നിർത്തുവാൻ അക്ഷീണം പ്രയത്നിച്ചു വിജയിച്ച മൗദ്യാനന്മാരും മലങ്കരസഭയ്ക്കുണ്ട്. ഇവരിൽ ഏറ്റവും പ്രധാനികളുടെയെങ്കിലും പേരുകൾ ഈ തുബ്ദേനിൽ ചേർത്തു സ്മരിക്കണ്ടത് മലങ്കരസഭയുടെ കടമയും ബാദ്ധ്യതയുമാണ്.

ഈ ലേഖകന്റെ അഭിപ്രായത്തിൽ അഞ്ചാം തുബ്ദേനിൽ അത്യാവശ്യമായി ചേർക്കേണ്ടുന്ന മലങ്കരസഭാ പിതാക്കന്മാർ താഴെ പറയുന്നവരാണ്.

1) ഒമ്പതാം നൂറ്റാണ്ടിൽ ഏതാണ്ട് അസ്തമിച്ച മലങ്കര സഭയെ സത്യവിശ്വാസത്തിൽ പുനർജീവിപ്പിച്ച മാർ താബോർ മാർ അഫ്രോത്ത് എന്നിവർ (കാദിശന്മാർ)

2) പതിമൂന്നുവർഷം മരണനിഴൽ താഴ്‌വരയിലൂടെ നടന്ന് റോമൻ പാഷാണ്ഡതയിൽ നിന്നും മലങ്കരസഭയെ വീണ്ടെടുത്ത മഹാനായ മാർത്തോമ്മാ ഒന്നാമൻ സഹായി ഇട്ടിത്തൊമ്മൻ കത്തനാർ എന്നിവർ ഇവരെ പരമാവധി ബഹുമാന വിശേഷണങ്ങളോടെ സ്മരിക്കണം.

3) പൗരസ്ത്യ സഭകൾ പിന്തുടരുന്ന കലർപ്പില്ലാത്ത അലക്സാൻഡ്രിയൻ വേദശാസ്ത്രം മലങ്കര സഭ പ്രചരിപ്പിച്ച മാർ ഈവാനിയോസ് ഹദിയള്ള (1693 ൽ കാലം ചെയ്ത് മുളന്തുരുത്തിയിൽ കബറടങ്ങി).

4) മലയാള ഭാഷയിൽ സുവിശേഷവും വേദശാസ്ത്രവും ആദ്യം പ്രദാനം ചെയ്ത കായംകുളം പീലിപ്പോസ് റമ്പാൻ

ഈ പട്ടികയിൽ പല പേരുകളും ഇനിയും നിർദ്ദേശിക്കാനുണ്ടാവും. എങ്കിലും ഇത്രയും പ്രാധാന്യം മറ്റൊന്നിനുമുണ്ടെന്ന് ഈ ലേഖകൻ കരുതുന്നില്ല. ഇവരുടെ പേരുകൾ അഞ്ചാംതുബ്ദേനിൽ ചേർക്കാതിരിക്കുന്നത് അവരുടെ സേവനത്തോടുള്ള കൃതഘ്നത മാത്രമല്ല, അഞ്ചാം തുബ്ദേന്റെ അന്തഃസത്തയ്ക്കു നിരക്കാത്തതുമാണ്. ഇവർ കൂടിയുണ്ടെങ്കിലേ അഞ്ചാം തുബ്ദേൻ, മലങ്കരസഭയ്ക്ക്, പൂർണമാകൂ.

ഇതുകൊണ്ട് ദീർഘമായ അഞ്ചാം തുബ്ദേൻ ഇനിയും ദീർഘമാകുമെന്ന് ഭയപ്പെടേണ്ടതില്ല. സുറിയാനി തുബ്ദേൻ പാഠാന്തരങ്ങളിൽ ചെയ്തതുപോലെ ഇപ്പോഴുള്ള തുബ്ദേനിലെ കുറെപേരുകൾ ഒഴിവാക്കി ദൈർഘ്യം ക്രമീകരിക്കാം.

കൗൺസലറുടെ പംക്തി

# വിശ്വസ്തനല്ലാത്ത ഭർത്താവിനോട് എങ്ങനെ ഇടപെടണം?

## ഫാ. ഡോ. ഒ. തോമസ്

*ചോദ്യം:- എന്റെ ഭർത്താവിന് ഒരു അവിഹിത ബന്ധമുണ്ടെന്ന് എനിക്ക് നന്നായറിയാം. ഇതു തുറന്നു പറഞ്ഞാൽ വലിയപൊട്ടിത്തെറിയും വഴക്കുമുണ്ടാകും. അതിനാൽ ഞാൻ ഒന്നും ഇതേപ്പറ്റി പറയുന്നില്ല. എന്നാൽ വളരെ ദേഷ്യവും സങ്കടവും എന്റെ മറ്റു പെരുമാറ്റങ്ങളിൽ പ്രകടമാകുന്നുണ്ട്. ആ കാര്യത്തിൽ ഭർത്താവ് ബാദ്ധ്യസ്ഥനുമാണ്. എന്റെ ഭർത്താവിനെ വഴക്കു കൂടാതെ നേർവഴിയിൽ കൊണ്ടുവരാൻ ഞാൻ എന്തു ചെയ്യണം?*

*എസ്.റ്റി. പുയപള്ളി*

ഉത്തരം: - വളരെ വിഷമകരമായ ഒരു സാഹചര്യത്തിലൂടെയാണ് നിങ്ങൾ കടന്നു പോകുന്നത്. ആഴമേറിയ പ്രാർത്ഥനയിലും ദൈവാശ്രയബോധത്തിലും ഊന്നി ഈ പ്രതിസന്ധിയെ നിങ്ങൾ തരണം ചെയ്യണം. ഇപ്പോഴത്തെ നിങ്ങളുടെ പെരുമാറ്റം ബുദ്ധിപൂർവ്വമല്ല. ഭർത്താവിന് അവിഹിത ബന്ധമുണ്ടായതു തന്നെ, നിങ്ങൾ തമ്മിലുള്ള അകൽച്ചയെ സൂചിപ്പിക്കുന്നു. നിങ്ങളിൽ നിന്നുണ്ടാകുന്ന വെറുപ്പും വിദ്വേഷവും അകന്ന ആളിനെ കൂടുതൽ അകറ്റാനേ ഉപകരിക്കൂ! ആ പെരുമാറ്റത്തിൽ നിന്ന് നിങ്ങൾ പിൻതിരിയണം. നിങ്ങളുടെ ഭർത്താവുമായി ഈ കാര്യം സമചിത്തതയോടെ തുറന്നു സംസാരിക്കണം. അതിനു മുൻപ് ഭർത്താവ് വഴി തെറ്റി എന്നത് ഊഹാപോഹമോ, സംശയമോ അല്ല എന്ന് നിങ്ങൾ ഉറപ്പുവരുത്തിയിരിക്കണം.

തുറന്നു പറയുമ്പോൾ പല പ്രശ്നങ്ങളുമുണ്ടാകാം. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ചിലർ ശക്തമായി വസ്തുതകളെ നിഷേധിക്കും. മറ്റു ചിലർ രക്ഷപെടാൻ വേണ്ടി പൊട്ടിത്തെറിക്കും. മറ്റു ചിലർ, ഭാര്യയുടെ സ്നേഹക്കുറവുകൊണ്ടും, സഹകരണമില്ലായ്മകൊണ്ടുമാണ് ഞാൻ ഇങ്ങനെ ആയത് എന്നു പറഞ്ഞു ഭാര്യയെ കുറ്റപ്പെടുത്തും. മാന്യതയുള്ളവർ തെറ്റിനെ അംഗീകരിച്ച് പശ്ചാത്തപിക്കുകയും, മേലിൽ അതാവർത്തിക്കുകയുമില്ലെന്ന് തീരുമാനിക്കുകയും ചെയ്യും. ഒടുവിൽ പറഞ്ഞ അനുഭവത്തിലേക്കു ഭർത്താവിനെ കൊണ്ടുവരുവാൻ നിങ്ങൾക്കു സാധിക്കണം.

വളരെ ദുഃഖവും, വിദ്വേഷവും മനസ്സിൽ തോന്നാമെങ്കിലും, അവയെ തൽക്കാലം ഒതുക്കി കൂടുതൽ സ്നേഹത്തോടെ ഭർത്താവിനോട് അടുക്കുവാൻ ശ്രമിക്കുക. അങ്ങനെയുള്ള ചില സന്ദർഭങ്ങളിൽ അവിശ്വസ്തരായ ഭാര്യാഭർത്താക്കന്മാരെക്കുറിച്ച് പൊതുവെയുള്ള ചില പ്രസ്താവനകൾ നടത്തുക. അവ ദൈവസന്നിധിയിൽ എത്ര വലിയ അപരാധമാണെന്ന് ആത്മീയതയുടെയും സദാചാരത്തിന്റെയും വെളിച്ചത്തിൽ ചൂണ്ടിക്കാട്ടുക. അങ്ങനെ പൊതുവെ ആ വിഷയത്തേക്കുറിച്ച് സംസാരിക്കുന്നതിൽ തുടങ്ങി വ്യക്തിപരമായ അയാളിൽ വന്നുപോയിട്ടുള്ള തെറ്റിനെ സ്നേഹപൂർവ്വം ചൂണ്ടിക്കാണിക്കുന്നതായിരിക്കും നല്ലത്. എന്നോട്, വഞ്ചന കാണിച്ചു എന്നതിനേക്കാൾ, ദൈവസന്നിധിയിൽ അപരാധം ചെയ്തു എന്ന് ബോദ്ധ്യപ്പെടുത്തിയാൽ പശ്ചാത്തപിക്കാൻ കുറച്ചു കൂടി എളുപ്പമായിരിക്കാം. തെറ്റാണെന്ന് നേരെ പറഞ്ഞാൽ, പലർക്കും അതുൾക്കൊള്ളാൻ വിഷമമായിരിക്കും. അതുകൊണ്ട് ആത്മീയ ചിന്തകളിലൂന്നിയ സംഭാഷണമായിരിക്കും കുറച്ചു കൂടി സ്വീകാര്യമാവുന്നത്.

ഭർത്താവിന്റെ പ്രവൃത്തിയെ ഒരു വിധത്തിലും ന്യായീകരിക്കാനാവില്ലെങ്കിലും, മറ്റൊരാളോട് അടുപ്പം ഉണ്ടായതിന്റെ പിന്നിൽ ഭാര്യയുടെ പെരുമാറ്റം കാരണമായിട്ടുണ്ടോ എന്ന് സ്വയം പരിശോധിക്കുന്നതും നല്ലതാണ്. ഭർത്താവിന് ന്യായമായും നൽകേണ്ട പരിചരണത്തിലും, സഹകരണത്തിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതു തിരുത്താനുള്ള സന്ദർഭമായിക്കൂടി ഇതിനെ കാണണം. രാജാവിനെ കണ്ട് സങ്കടം ഉണർത്തിക്കാൻ എസ്ഥേർ രാജ്ഞി ഉപവാസമെടുത്ത് ശക്തി സംഭരിച്ചതുപോലെ, പ്രാർത്ഥനയിൽക്കൂടി ശക്തി നേടി ഭർത്താവിനോട് സ്നേഹത്തിലും യുക്തിയിലും ഈ കാര്യം അറിയിക്കുന്നതിൽ ഇനി മടിക്കേണ്ടാ. തെറ്റു തിരുത്തി, പിൻമാറാൻ തയ്യാറാകുന്നില്ലെങ്കിൽ ഇടവകയിലെ അച്ചനെയോ കൗൺസലറെയോ കാണുന്നത് ആവശ്യമായി വരും. നിശബ്ദമായി എല്ലാം സഹിച്ച് സ്ഥാനം തെറ്റി പ്രതികരിക്കുന്ന ഇപ്പോഴത്തെ നിങ്ങളുടെ രീതി മാറ്റേണ്ടിയിരിക്കുന്നു. ●


**MATRIMONIAL**

Marriage Proposals invited for an Orthodox boy - 28, 6'1 (190 cms) fair looking, Presently employed in Tata Tatly - wellington Island, Cochin from Parents of suitable girls.

Contact:-
Box No. 261
Malankara Sabha,
Devalokam, Kottayam-686038
or
Phone - 0481 - 461540

**MATRIMONIAL**

Marriage proposals invited for an Orthodox girl - 2 years MPHW (Nursing) Diploma 25/5'3", fair looking, smart, home loving, born and brought up outside Kerala, Presently employed as staff Nurse in AL-Hasa, Saudi Arabia. Expected to come on leave first week of August. Boys employed in Al-Hasa with family status preferred. Please send bio-data with recent Photograph to:

contact:-
Box No. 262
Malankara Sabha,
Devalokam, Kottayam-686038
or Phone: 0473-674649




പഠനവേദി


പരിസ്ഥിതിയുടെ ആത്മീയത XIII

# കാര്യവിചാരകത്വം ഒരു ഉടമ്പടി

## പ്രൊഫ. കെ.പി.ജോയി

നിയമബാദ്ധ്യതയുള്ള ഒരു കരാർ അഥവാ പ്രതിജ്ഞയാണ് ഉടമ്പടി. വേദപുസ്തകത്തിലെ ദൈവം ഉടമ്പടികളുടെ ദൈവമാണ്. പഴയ നിയമത്തിൽ 300-ൽ പരം തവണ കവനന്റ് (ഉടമ്പടി) എന്നു വാക്ക് ഉപയോഗിച്ചിരിക്കുന്നു. ആദാം, നോഹ, അബ്രഹാം, മോശ എന്നീ പിതാക്കന്മാരുൾപ്പെടെ ചരിത്രത്തിലുടനീളം ദൈവം തന്റെ ജനവുമായി ഉടമ്പടി ഉണ്ടാക്കിയതായി കാണുന്നു. പരസ്പരം പാലിക്കപ്പെടേണ്ട വിശ്വസ്തതയാണിതിന്റെ അടിസ്ഥാനം. മനുഷ്യൻ അതിന്റെ വ്യവസ്ഥകൾ പാലിച്ചാൽ ദൈവവും കരാർ പാലിക്കും. ഡി. ഡബ്ലിയു. ഐക്റോട്ട്[1] (1977)ന്റെ അഭിപ്രായത്തിൽ ദൈവവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഉടമ്പടി. സൃഷ്ടിയാണിതിന്റെ സാക്ഷി. മനുഷ്യജാതിയോടുള്ള തന്റെ പ്രതിജ്ഞ നിർവ്വഹിക്കാനുള്ള ദൈവീക ശബ്ദമാണ് സൃഷ്ടി എന്നദ്ദേഹം എഴുതുന്നു. എല്ലാ സൃഷ്ടികളിലും ഈശ്വരാംശം കുടികൊള്ളുന്നു എന്നതാണ് സൃഷ്ടിയുടെ രഹസ്യം. എന്നാൽ മനുഷ്യരിൽ മാത്രമാണ് ഈ ബന്ധം ബാഹ്യമായി വെളിപ്പെട്ടിരിക്കുന്നത്. മാത്രമല്ല, മനുഷ്യനിൽ ഈ ബന്ധം അതിന്റെ പരമകാഷ്ടയിലെത്തിയിരിക്കുന്നു. ഉടമ്പടിയിലൂടെ വെളിവാകുന്ന ദൈവോദ്ദേശം സൃഷ്ടിയുടെ ഭാഗധേയത്തെകുറിച്ചുള്ള പ്രതീക്ഷ നമുക്കു തരുന്നു.

മനുഷ്യനും ദൈവവുമായി മാത്രമുള്ള ഒരു ബന്ധമല്ല ഉടമ്പടി എന്നതും ശ്രദ്ധേയമാണ്. മുഴവുൻ പ്രകൃതിയെയും ഇത് ഉൾക്കൊള്ളുന്നു. "ഞാൻ സർവ്വഭൂമിയിലുമുള്ള സർവ്വജനത്തോടും ചെയ്തിരിക്കുന്ന നിയമത്തിന് ഇത് അടയാളമായിരിക്കുന്നു" എന്ന് ഉല്പത്തി 9:17 ൽ വ്യക്തിമാക്കിയിരിക്കുന്നു 9-ാം അദ്ധ്യായത്തിൽ 5 പ്രാവശ്യം ഈ ഉടമ്പടി ബന്ധത്തിന്റെ വ്യാപ്തി ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങനെ മനുഷ്യൻ ഉൾപ്പെടെ തന്റെ ചുറ്റുപാടുമുള്ള സകലതുമായുള്ള ബന്ധത്തെ ഈ ഉടമ്പടി ഉൾക്കൊള്ളുന്നു. ആർ. മുറെ[2]യുടെ അഭിപ്രായത്തിൽ, യഥാർത്ഥത്തിൽ ഇതൊരു പ്രാപഞ്ചിക ഉടമ്പടി (Cosmic Covenant) ആണ്. അങ്ങനെ ചുമതലാബോധമുള്ള കാര്യവിചാരകത്വം എന്ന ദർശനത്തിൽ നിന്നും സൃഷ്ടി ബന്ധിതമായ സാഹോദര്യത്വത്തിലേക്കും പങ്കാളിത്വത്തിലേക്കുമുള്ള പരോക്ഷമായ മാറ്റം ഇവിടെ ദൃശ്യമാകുന്നു.



"വേദശാസ്ത്രപരമായ പരിചിന്തനത്തിൽ പലപ്പോഴും ദൈവവും മനുഷ്യനുമായുള്ള ഉടമ്പടിക്കു കേന്ദ്രസ്ഥാനം നൽകിയിരിക്കുന്നതിനാൽ ക്രിസ്തീയ വിശ്വാസം പ്രകാശനം ചെയ്യുന്നതിൽ ഭൂമിയും പ്രകൃതിയും ഉൾപ്പെടെയുള്ള മറ്റ് എല്ലാ ദൈവീക സൃഷ്ടികളുടെയും മഹത്വത്തെ നാം കുറച്ചു കാണിക്കുകയോ, അവഗണിക്കുകയോ ചെയ്തിട്ടുണ്ട്. പ്രകൃതിയുടെ മേൽ അധീശാധികാരത്തിലേക്ക് നയിച്ചത് ഈ ചിന്താഗതിയാണ്" എന്ന് അഖില ലോക സഭാ കൗൺസിലിന്റെ 'സഭയും സമൂഹവും' എന്ന ഉപവിഭാഗത്തിന്റെ ഡയറക്ടർ[3] ഡബ്ലിയു. ജി. മൈക്കേൾസൺ ആരോപിക്കുന്നു.

ദൈവം സൃഷ്ടാവ് മാത്രമല്ല. സൃഷ്ടിയുടെ പരിരക്ഷകൻ കൂടിയാണ്. സൃഷ്ടി (പരിസ്ഥിതിയുടെ) സംരക്ഷണത്തിനുവേണ്ടിയുള്ള ആദ്യത്തെ ഉടമ്പടി ആദാമുമായിട്ടു നടത്തിയതായിരുന്നു. പക്ഷേ തികഞ്ഞ പരാജയത്തിലാണിത് കലാശിച്ചത്. കൃഷി ചെയ്യാനും കാപ്പാനും എന്ന വ്യവസ്ഥയിലാണ് ആദാമിനെ ഏദൻ തോട്ടത്തിലാക്കിയത്. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നരുതെന്നും തിന്നുന്ന നാളിൽ മരിക്കുമെന്നും (ഉല്പത്തി 2:17) ഉടമ്പടിയിൽ വ്യക്തമാക്കപ്പെട്ടു. ആദാം ഫലം തിന്നു. പക്ഷേ മരിച്ചില്ല. ശാരീരിക മരണമല്ല ഇവിടെ ഉദ്ദേശിച്ചതെന്നു വ്യക്തം. ദൈവവുമായി അകന്നു പോവുക എന്ന ആത്മീയ മരണമാണ് സംഭവിച്ചത്. പ്രതിരൂപാത്മകമായി ചിന്തിച്ചാൽ, മനുഷ്യന്റെ നിലനില്പിനുവേണ്ടി സൃഷ്ടാവ് ഉല്ലേഖനം ചെയ്ത പ്രകൃതി നിയമങ്ങളുടെ ലംഘനമായിരുന്നു അത്. ഇന്നും ഈ തെറ്റ് ആവർത്തിക്കപ്പെടുന്നു. ആത്മീയമരണം തുടർക്കഥയാവുന്നു.

ഉടമ്പടി ലംഘനത്തിന് ദൈവം ആദാ

1. D.W. Eichrodt, 'Theologiedes Alt Testaments,Vol.1 Leipzig, 1993.p.6
2. R. Murray. "The Relationship of Creatures within the Cosmic Convenant" in the Month 251(1990)
3. Wesley Grandberg-Michaelson on "Convenant and Creation" From "Liberating Life-Contemporary Approaches to Ecological Theology", edited by Charles Birch, William Eakin, Jay B. Mc Daniel; Orbis Books, Maryknoli, New York, 1999

# പാവനസ്മരണയ്ക്ക്



## പ്രാർത്ഥനാപൂർവ്വം

## Kunjamma Skariah & Family
## Thykoottathil
## Omalloor

---

മിനെ ശിക്ഷിച്ചു. ഏദൻ തോട്ടത്തിൽ നിന്ന് പുറത്താക്കി. (പലരും ധരിച്ചിരിക്കുന്നതുപോലെ ഏദൻ തോട്ടത്തിന്റെ പേരല്ല, പ്രത്യുത തോട്ടം ഉണ്ടായ പ്രദേശത്തിന്റെ പേരാണ്.) ഭൂമിയാകുന്ന ഏദനിൽ നിന്ന് മനുഷ്യനെയും പുറത്താക്കുന്ന കാലം വിദൂരമല്ല. 1969-ൽ ഡേവിഡ് ലെയ്‌ലി ' പറഞ്ഞു. "മനുഷ്യജാതിയെ ഭൂമിയിൽ നിന്ന് പുറത്താക്കാൻ ഇനി 35 വർഷമേ അവശേഷിച്ചിട്ടുള്ളു. ഇതുകേട്ട് ജനം ചിരിച്ചു. അതിശയോക്തി കലർന്ന തമാശ എന്നു വിളിച്ചു കളിയാക്കി. പക്ഷേ ആധുനിക പരിസ്ഥിതി വേദശാസ്ത്ര പണ്ഡിതനായ ജോൺ കോബ് [5] ചോദിക്കുന്നു. "ഇപ്പോൾ തന്നെ വൈകിപ്പോയില്ലെ?" ആർക്കും ഒരുത്തരവും ഇല്ല. ഇതു സംഭവിക്കുകയില്ല എന്നാണ് നമ്മുടെ എല്ലാം ചിന്ത. ഈ നിസ്സംഗതയെ പ്രസിദ്ധ പരിസ്ഥിതി ചിന്തകനായ ജോനാഥാൻ ഷെൽ, ' തന്റെ ഉൽക്കണ്ഠാജനകമായ ഭൂമിയുടെ നിയതി (Fate of the Earth) എന്ന പുസ്തകത്തിൽ വിവരിച്ചിരിക്കുന്നതിങ്ങനെയാണ്. ഇപ്പോൾ നമ്മളാരും ഒന്നും ചെയ്യുന്നില്ല. സത്യത്തിനെതിരെ നാം ദൃഷ്ടി തിരിച്ചിരിക്കുന്നു. ശാന്തരും നിശബ്ദരുമായിരിക്കുന്നു. ഈ ദുരന്തം ഒരിക്കലും ഉണ്ടാവുകയില്ല എന്ന പ്രതീക്ഷയിൽ നാം ആശ്രയം തേടുന്നു. എന്നിട്ട് ഓരോരുത്തരും അവരവരുടെ വ്യക്തിപരമായ കാര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ചുറ്റുപാടും കാണുന്ന യാഥാർത്ഥ്യങ്ങളെ നാം നിഷേധിക്കുന്നു. മനുഷ്യന്റെ ഭാവിയെക്കുറിച്ച് നാം തല്പരരല്ലാതെ അന്യോന്യം ഉദാസീനരായിരിക്കുന്നു. പരിസ്ഥിതിയുടെ ഒഴുക്കിന്റെ ഓളത്തിൽ നാം വേർപെട്ടു പോകുന്നു. നമ്മുടെ മനസ്സുകൾ ഘനീഭവിക്കുന്നു. അർദ്ധനിദ്രാവസ്ഥയിൽ, ഈ ലോകത്തിന്റെ അന്ത്യത്തിലേക്കു നയിക്കുന്ന പാതയിലൂടെ, നാം സഞ്ചരിക്കുന്നു ഈ ചോദ്യത്തിനുത്തരം ഇപ്പോഴെ നൽകിയില്ലെങ്കിൽ പിന്നീടതു നൽകാനുള്ള അവസരമോ സ്വാതന്ത്ര്യമോ നമുക്കുണ്ടാവുകയില്ല എന്ന് ഭാവി കാര്യചിന്തകനായ ഫ്രെഡ്പോളാക്കും [7] ഭയപ്പെടുന്നു "ഭാവിയിലെ പ്രകൃതി, അശക്തരും, അനാരോഗ്യരുമായ സ്വന്തം കുഞ്ഞുങ്ങളെ വിഴുങ്ങുവാൻ പകയുള്ള രക്തദാഹിയായ കാളിയായി മാറിയേക്കാം. നമ്മുടെ സ്വപ്നങ്ങളുടേയും ഭാവിയുടെയും ഒന്നിച്ചുള്ള അന്ത്യമായിരിക്കും അത്" എന്നദ്ദേഹം മുന്നറിയിപ്പു നൽകുന്നു.

### പ്രതീക്ഷകളുടെ ഉടമ്പടി

ഭയവും നിരാശയും ഉളവാകുന്ന വാക്കുകളാണിവ എങ്കിലും ഭൂമിയെ രക്ഷിക്കാൻ ഇനിയും അധികം സമയം അവശേഷിച്ചിട്ടില്ലെന്നു വെളിപ്പെടുത്തുന്ന കാര്യവിവരമുള്ള പരിസ്ഥിതി ശാസ്ത്രജ്ഞന്മാരുടെ മുന്നറിയിപ്പാണിവിടെ മുഴങ്ങി കേൾക്കുന്നത്. എന്നാൽ ക്രിസ്തീയ വീക്ഷണം പ്രതീക്ഷയുടേതാണ്, വിശ്വാസത്തിന്റേതാണ്. ഹോശേയായുടെ വാക്കുകളിൽ (2:18-23) ഈ പ്രതീക്ഷയുടെ ശക്തിയും വ്യാപ്തിയും പ്രതിദ്ധ്വനിക്കുന്നു. "ഞാൻ കാട്ടിലെ മൃഗങ്ങളോടും, ആകാശത്തിലെ പക്ഷികളോടും നിലത്തിലെ ഇഴജന്തുക്കളോടും ഒരു നിയമം ചെയ്യും. ഞാൻ വില്ലും വാളും ഭൂമിയിൽ നിന്ന് നീക്കി അവരെ നിർഭയം വസിക്കുമാറാക്കും. നീ എന്റെ ജനം എന്നു ഞാൻ പറയും. നീ എന്റെ ദൈവം എന്നു അവരും പറയും". മനുഷ്യജാതിയോടും മറ്റു സകല ജനത്തിനോടും സൃഷ്ടാവിനുള്ള മുൻ താല്പര്യമാണിവിടെ ചിത്രീകരിച്ചിരിക്കുന്നത്. നോഹയുമായുണ്ടാക്കിയ ഉടമ്പടിയും ഈ പ്രതീക്ഷയുടേതാണ്. മനുഷ്യന്റെ നിരൂപണം ബാല്യം മുതലേ ദോഷമുള്ളതാണെങ്കിലും "മനുഷ്യൻ നിമിത്തം ഇനി ഭൂമിയെ ശപിക്കയില്ല" എന്നും "ഭൂമിയുള്ള കാലത്തോളം വിതയും, കൊയ്ത്തും, ശീതവും ഉഷ്ണവും, വേനലും വർഷവും, രാവും പകലും, നിന്നു പോകയില്ല" എന്നും (ഉല്പത്തി 8:21,22) യഹോവ തന്റെ ഹൃദയത്തിൽ നോഹയ്ക്ക് ഉറപ്പു നൽകുന്നു. വേദപുസ്തകത്തിലുടനീളം മനുഷ്യനുൾപ്പെടെ സകല സൃഷ്ടിയോടുമുള്ള ദൈവത്തിന്റെ സ്നേഹവും ക്ഷമയും പ്രകടിപ്പിക്കുന്ന എണ്ണിയാൽ തീരാത്ത ഇത്തരം സന്ദർഭങ്ങളുണ്ട്. മനുഷ്യന്റെ ഹൃദയം ദുഷ്ടത നിറഞ്ഞതാണെങ്കിലും അവനെ രക്ഷിക്കാനുള്ള ദൈവത്തിന്റെ കരങ്ങൾ സദാ നീട്ടിക്കൊണ്ടിരിക്കുന്നു. പാപത്തിന് ശിക്ഷ അർഹിക്കുന്നുവെങ്കിലും, രണ്ടാംവരവിന്റെ ന്യായവിധി നാൾവരെ ഭൂമിയിലുള്ള ഒന്നിനെയും നശിപ്പിക്കുകയില്ല എന്ന വാഗ്ദാനമാണ് ദൈവം ഉടമ്പടിയിലൂടെ നൽകുന്നത്.

> ദൈവം സൃഷ്ടാവ് മാത്രമല്ല. സൃഷ്ടിയുടെ പരിരക്ഷകൻ കൂടിയാണ്. സൃഷ്ടി (പരിസ്ഥിതിയുടെ) സംരക്ഷണത്തിനുവേണ്ടിയുള്ള ആദ്യത്തെ ഉടമ്പടി ആദാമുമായിട്ടുനടത്തിയതായിരുന്നു. പക്ഷേ തികഞ്ഞ പരാജയത്തിലാണിത് കലാശിച്ചത്. കൃഷി ചെയ്യാനും കാപ്പാനും എന്ന വ്യവസ്ഥയിലാണ് ആദാമിനെ ഏദൻ തോട്ടത്തിലാക്കിയത്.

നാശത്തിന്റെ നിഴൽ വീണ ഈ ഭൂമിയെ രക്ഷിക്കാനാവുമോ എന്ന നൈരാശ്യത്തിന്റെ നടുവിൽ നമ്മെ ശക്തീകരിക്കേണ്ടത് ഈ വാഗ്ദാനവും പ്രതീക്ഷയുമാണ്. സമസ്ത സൃഷ്ടികളോടുമുള്ള ദൈവത്തിന്റെ പ്രതിജ്ഞ നിറവേറ്റുന്നതിനുള്ള വിശ്വാസപ്രമാണമാണ് ഉടമ്പടി. ദൈവത്തിന്റെ കൃപ കൊണ്ടു മാത്രമാണ് ദൈവം സൃഷ്ടിച്ചത് സ്നേഹിക്കപ്പെടുന്നതും, തെരഞ്ഞെടുക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നത്. വെള്ളവും, വായുവും, ഭൂമിയും ഊർജ്ജവും നിലനില്ക്കുന്നത് ഈ കൃപ മൂലമാണെന്ന് ഉടമ്പടിയിലൂടെ വെളിവാക്കപ്പെടുന്നു.

തുടരും.

4. Dr. Paulose Mar Gregorios " The Human Presence"- An Orthodox view of Nature". 1980 p.10 cited in John B.Cobb. Jr. 'Is It Too Late? A Theology of Ecology'. NewYork: Bruce Publishing Company, 1972.
5. Ibid.
6. Johonathan Schell: 'Fate of the Earth'.
7. Fred Polak: "The Image of the Future", Vol.1. Leydan Sythoff. New York: Oceana Publications, 1961.

# വിശ്വാസ വീരനായ മാർത്തോമ്മാശ്ലീഹാ

കെ. സി. ഏബ്രഹാം കൈതകത്ത്



**മാ**ർത്തോമ്മാ ശ്ലീഹായെപ്പറ്റി സംശയാലു എന്നൊരു ധാരണ പലരുടെയും മനസ്സിൽ കടന്നു കൂടിയിട്ടുണ്ട്. ഈ തെറ്റിദ്ധാരണ എങ്ങനെ ഉളവായി എന്നും അദ്ദേഹത്തിന്റെ യഥാർത്ഥ നില എന്തായിരുന്നുവെന്നും പരിശോധിക്കാം.

നിദ്രപ്രാപിച്ച ലാസറിന്റെ ഗ്രാമമായ ബഥാന്യയിലേക്ക് യേശു പോകാൻ തുനിഞ്ഞപ്പോൾ ശിഷ്യന്മാർ ഗുരുവിനെ വിലക്കി.....(യോഹ 11:8). യേശുവിനെ നിഗ്രഹിക്കാനുള്ള യഹൂദന്മാരുടെ ഗൂഢാലോചനയെപ്പറ്റി അവർ കേട്ടിരുന്നു. യേശുവാകട്ടെ അതിനെ അവഗണിച്ച് പോകാൻ തന്നെ ഉറച്ചു. അപ്പോൾ "തോമസ് സഹശിഷ്യന്മാരോട്, അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക" (യോഹ. 11:16) എന്നു പറഞ്ഞു. ഗുരുവിനുവേണ്ടി മരണം വരിക്കാനുള്ള സന്നദ്ധതയെയും, അരുമനാഥനോടുള്ള ആഴമേറിയ സ്നേഹത്തെയും ഭക്തിയെയുമാണ് ഇതു ദ്യോതിപ്പിക്കുന്നത്.

യേശുക്രിസ്തുവിന്റെ കല്ലറ ആദ്യം സന്ദർശിച്ച സ്ത്രീകൾ, "യേശു ഉയർത്തെഴുന്നേറ്റു" എന്നുള്ള ദൂതന്മാരുടെ വാക്കുകൾ, കൂടിയിരുന്ന ശിഷ്യന്മാരോടറിയിച്ചപ്പോൾ "അവർക്കതു വെറും കഥ പോലെ തോന്നി" സ്ത്രീകളുടെ വാക്കിനെ വിശ്വസിച്ചില്ല. (മർക്കോ 16:11,13,14 & ലൂക്കോ. 24:11) ഉയിർപ്പിന്റെ ആദ്യ ദൂതിനെ പത്രോസ് ഉൾപ്പെടെ എല്ലാവരും അവിശ്വസിച്ചു. പിന്നീട് കർത്താവ് അവരുടെ നടുവിൽ മുറിയിൽ പ്രത്യക്ഷപ്പെട്ട് സമാധാനം ആശംസിച്ചപ്പോഴും "ഭൂതമെന്നു വിചാരിച്ച് അവർ ഞെട്ടി ഭയപ്പെട്ട" തായി വി. ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നു. (ലൂക്കോ. 24:36-43)

"നിങ്ങൾ സംശയിക്കുന്നതെന്ത്? ഇതു ഞാൻ തന്നെയാകുന്നു എന്ന് എന്റെ കാലും കൈയും നോക്കി അറിവിൻ, എന്നെ തൊട്ടുനോക്കുവിൻ, എന്നിൽ കാണുന്നതു പോലെ ഭൂതത്തിന് മാംസവും അസ്ഥിയും ഇല്ലല്ലോ" എന്നു പറഞ്ഞിട്ടു പോലും അവർക്കു പൂർണ്ണ വിശ്വാസം വരാഞ്ഞതിനാൽ തേൻ കട്ടയും മീനും ചോദിച്ചു വാങ്ങി ഭക്ഷിച്ചു കാണിച്ച് അവർക്കു വിശ്വാസം വരുത്തുകയായിരുന്നു. (തോമ്മാ ശ്ലീഹാ ആ കൂട്ടത്തിൽ ഇല്ലായിരുന്നു.) പിന്നീട് അദ്ദേഹം വന്നപ്പോൾ, കർത്താവിനെ കണ്ട ശിഷ്യന്മാർ അവനോടു വിവരം പറഞ്ഞു. അപ്പോൾ അവരോടു ശ്ലീഹാ പറഞ്ഞതാണ്. "ഞാൻ അവനെ കണ്ടല്ലാതെ വിശ്വസിക്കയില്ല എന്ന്. ഈ വാക്യമാണ് അദ്ദേഹത്തെപ്പറ്റി തെറ്റിദ്ധാരണക്ക് ഇടനല്കിയത്. എന്നാൽ ഇത്, മേൽപ്പറഞ്ഞ മറ്റു ശിഷ്യന്മാരുടെ സംശയത്തിന്റെയും അവിശ്വാസത്തിന്റെയും കാൽഭാഗം പോലും ഗൗരവമുള്ളതല്ല. കർത്താവ് നേരിട്ട് മുമ്പിൽ നിന്നുകൊണ്ട്. "ഇതു ഞാനാകുന്നു എന്നു പറഞ്ഞിട്ടു പോലും ആ 10 പേരുടെ അവിശ്വാസം നീങ്ങിയിരുന്നില്ല. അവരെ വിശ്വസിപ്പിക്കാൻ വേണ്ടി അവരുടെ മുമ്പിൽ വച്ച് ഭക്ഷണം കഴിച്ച് ബോദ്ധ്യപ്പെടുത്തേണ്ടിവന്നു. ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ തോമ്മാശ്ലീഹായുടെ അവിശ്വാസം എത്രയോ ലഘുവാണ്. കർത്താവിനെ നേരിൽ കണ്ടിട്ടും ദേഹത്തിലെ മുറിവുകൾ കണ്ടിട്ടും അവിശ്വസിച്ചതോ, പറഞ്ഞു കേട്ടതിനെ അവിശ്വസിച്ചതോ ഏതാണ് വലിയ അവിശ്വാസം?

*മലങ്കര ക്രിസ്ത്യാനികളെ ക്രിസ്തുവിൽ ജനിപ്പിച്ച മാർത്തോമ്മാ ശ്ലീഹായ്ക്കല്ലാതെ മറ്റാർക്കാണ് നമ്മുടെ പിതൃത്വം അവകാശപ്പെടാൻ കഴിയുന്നത്? ക്രിസ്തുവിന്റെ വത്സല ശിഷ്യനും വിശ്വാസ വീരനുമായ മാർത്തോമ്മാ ശ്ലീഹായുടെ മക്കളാണ് നാമെന്നുള്ളത് അഭിമാനാർഹമായ പദവിയാണ്.*
*"സ്വന്ത പിതാവിനെ തള്ളിപ്പറഞ്ഞിട്ട്, സൗന്ദര്യവാനായ അയൽക്കാരനാണ് എന്റെ അപ്പൻ' എന്നു പറയുന്നത് ആഭിജാത്യ മുള്ളവർക്ക് ഭൂഷണമല്ല.*

നമ്മുടെ കർത്താവു ശിഷ്യന്മാർക്കു നൽകിയ അന്ത്യകല്പന "നിങ്ങൾ ലോകമൊക്കെയും പോയി സുവിശേഷം അറിയിപ്പിൻ" എന്നത്രേ. എന്താണീ സുവിശേഷം? അത് സു+വിശേഷം ആണ്. ലോകത്തിന് അതുവരെ അപ്രാപ്യമായിരുന്ന അജ്ഞാതമായിരുന്ന വിശിഷ്ഠ സത്യമാണത്. അതായത് മരണത്തോടെ എല്ലാം അവസാനിച്ചു എന്നു കരുതപ്പെട്ടിരുന്ന നിരാശ നിറഞ്ഞ ലോകത്തിന്, മരണത്തിനപ്പുറം നിത്യജീവനെപ്പറ്റിയുള്ള പ്രത്യാശയുടെ രജതരേഖ കാട്ടിക്കൊടുക്കുന്ന സുവാർത്തയായ ഉയർപ്പിന്റെ ദൂത്. കർത്താവിന്റെ പുനരുത്ഥാനത്തിലൂടെ അതിനെ തെളിയിച്ചുകൊടുക്കുക എന്ന ധർമ്മമാണ് ശിഷ്യന്മാർക്കു താൻ നല്കിയത് "നിങ്ങൾ ലോകത്തിന്റെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും. (അപ്പോ.പ്ര.1:8) എങ്ങനെയാണ് സാക്ഷിക്കേണ്ടത്? "ഞാൻ കണ്ടു, ഞാൻ കേട്ടു" എന്നു പറയുന്നതാണ് സാക്ഷ്യം അല്ലാത്തത് കള്ള സാക്ഷ്യമത്രെ. "എന്റെ കൂട്ടുകാർ കണ്ടെന്ന് അവർ എന്നോടു പറഞ്ഞു" എന്നു പറഞ്ഞാൽ അത് സ്വീകാര്യമായ സാക്ഷ്യമല്ല; അത് കേട്ടുകേൾവി മാത്രമാണ്, യഥാർത്ഥത്തിൽ സാക്ഷീകരണമല്ല.

വി. പത്രോസ് ശ്ലീഹാ എഴുതുന്നു. ഞങ്ങൾ നിങ്ങളോടു സുവിശേഷം അറിയിക്കുന്നത് നിർമ്മിത കഥകളെ പ്രമാണിച്ചിട്ടല്ല; അവന്റെ മഹിമ കണ്ട സാക്ഷികളായിത്തീർന്നിട്ടത്രേ. (2 പത്രോ. 1:6)

വി. യോഹന്നാൻ ശ്ലീഹാ എഴുതുന്നു:- "ഞങ്ങൾ കേട്ടതും, സ്വന്തം കണ്ണുകൊണ്ടു കണ്ടതും, ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനം സംബന്ധിച്ച് - ജീവൻ പ്രത്യക്ഷമായി ഞങ്ങൾ കണ്ടു സാക്ഷീകരിക്കയും, പിതാവിനോടുകൂടെയായിരുന്ന് ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോട് അറിയിക്കുന്നു" (1 യോഹ. 1:1-3)

വി. പൗലൂസ് ശ്ലീഹാ പറയുന്നു. "യരുശലേമിൽ അവൻ ഏറിയ ദിവസം അവർക്കു പ്രത്യക്ഷനായി. അവർ ഇപ്പോൾ ജനത്തിന്റെ മുമ്പാകെ അവന്റെ സാക്ഷികൾ ആകുന്നു" (Acts 13:31)

യൂദായ്ക്കു പകരം ഒരാളെ അപ്പോസ്തോല സ്ഥാനത്തേക്കു തെരഞ്ഞെടുക്കുന്നതിനു കൂടിയപ്പോൾ വി. പത്രോസ് പ്രസ്താവിക്കുന്നത് "യേശുവിനോടും ഞങ്ങളോടും ഒപ്പം നടന്ന പുരുഷന്മാരിൽ ഒരുവൻ ഞങ്ങളോടുകൂടെ അവന്റെ പുനരുത്ഥാനത്തിനു സാക്ഷിയായിത്തീരണം. (Acts 1:22)

മേലുദ്ധരിച്ച ഭാഗങ്ങളെല്ലാം പുനരുത്ഥാനം ചെയ്ത യേശുവിനെ കണ്ടും തൊട്ടും നേരിട്ട് ഗ്രഹിച്ചിട്ടുള്ളവരാണ് അവനെ സാക്ഷിക്കുന്നതെന്നു വ്യക്തമാക്കുന്നു. അപ്പോൾ ക്രിസ്തുവിനെ സാക്ഷിക്കണമെങ്കിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ നേരിൽ കണ്ടിരിക്കണം. ഈ വസ്തുത തോമ്മാശ്ലീഹാ മുൻകൂട്ടി ഗ്രഹിച്ചിരുന്നു.-"എന്റെ കർത്താവിനെ എനിക്കു സാക്ഷിക്കണം. അതു സാധിക്കണമെങ്കിൽ അവനെ നേരിട്ടു കാണുകതന്നെ വേണം, പറഞ്ഞു കേട്ടാൽ പോരാ എന്നുള്ള അദമ്യമായ അഭിവാഞ്ഛ കൊണ്ട് അദ്ദേഹം ശഠിക്കുകതന്നെ ചെയ്തു. ഉയിർത്തെഴുന്നേറ്റ കർത്താവിനെ എനിക്കു കാണണം.

ഈ ന്യായമായ നിലപാട് അംഗീകരിച്ച കർത്താവ് അവനുവേണ്ടിതന്നെ വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്തു. തോമ്മായുടെ ശ്ലൈഹിക പദവിക്ക് ആരും ന്യൂനത ആരോപിക്കാൻ ഇടയാകാത്തവിധം മറ്റ് അപ്പോസ്തോലന്മാരുടെ സാന്നിദ്ധ്യത്തിൽ തന്നെ കർത്താവ് പ്രത്യക്ഷത നൽകി തോമ്മായെ ശ്രേഷ്ഠനാക്കുകയായിരുന്നു. അപ്പോൾ തോമ്മായ്ക്ക് മറ്റു ശിഷ്യന്മാർക്കു ലഭിച്ചതിൽ കൂടുതലായി നിർവൃതി ലഭിക്കത്തക്ക വിധത്തിൽ നാഥന്റെ തിരുമുറിവുകളെ സ്പർശിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചു. ഇത് ഒരു അധികയോഗ്യതയായി കരുതാം.

പുതുഞായറാഴ്ചയും, തോമ്മാശ്ലീഹായുടെ ദുക്റോനോ പെരുനാൾ ദിവസവും ചൊല്ലുന്നതിനുള്ള പ്രത്യേക പ്രാർത്ഥനയിൽ (പാമ്പാക്കുട നമസ്ക്കാരം) ചേർത്തിരിക്കുന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

"നിന്റെ നാഥന്റെ മുറിവുകളെ സ്പർശിക്കുന്നതിനു ഭാഗ്യം സിദ്ധിച്ച മാർ തോമ്മാ ശ്ലീഹാ....." *(ഒടുവിൽ ചേർത്തിരിക്കുന്ന നോട്ട് ശ്രദ്ധിക്കുക.)*

അദ്ദേഹത്തിന്റെ സംശയപ്രകടനം അവിശ്വാസമായിരുന്നില്ല; പ്രത്യുത ഭാഗ്യലബ്ധിക്കുള്ള ഒരു മുഖാന്തിരമായിരുന്നു. അതോടൊപ്പം അദ്ദേഹം ഒരു വലിയ വിശ്വാസ പ്രഖ്യാപനവും നടത്തുന്നതായി കാണുന്നു. "എന്റെ കർത്താവും എന്റെ ദൈവവുമേ". ഒരു ബ്രഹദ്ഗ്രന്ഥം ചമയ്ക്കുന്നതിനാവശ്യമായ വസ്തുതകൾ ആശയങ്ങൾ ഈ ചെറുവാചകത്തിൽ അടങ്ങിയിട്ടുണ്ട്. ഇതിലൂടെ ശ്ലീഹാ ക്രിസ്തുവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും ഉൽഘോഷിക്കുകയാണ് ചെയ്തത്. അവൻ പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമാണ്. ദൈവത്വവും മുനുഷ്യത്വവും കൂടി, ഇനിയൊരിക്കലും വേർപെടാത്ത വിധത്തിൽ ഒരു ആളത്വമായി, ഒരു സ്വഭാവമായി അത്ഭുതകരമാം വിധം അവനിൽ സംയോജിച്ചിരിക്കുന്നു. അവന്റെ മരണം, മരണമുള്ളവനായ മനുഷ്യനെ മരണമില്ലാത്തവനാക്കിത്തീർത്ത് സ്വർഗ്ഗത്തിലേക്ക് പ്രവേശനം സാധിച്ചിരിക്കുന്നു. വി. സഭയുടെ കാതലായ ഈ വിശ്വാസം പ്രഖ്യാപിച്ചത് വി. തോമ്മാശ്ലീഹായാണ് എന്നുള്ളത് അദ്ദേഹത്തിന്റെ മക്കളായ



## ഞായർദിന ചിന്തകൾ

യതാണ് ഞാൻ ജീവന്റെ അപ്പം ആകുന്നു എന്നത്. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് ജീവനെ കൊടുക്കുന്നതാകുന്നു സാക്ഷാൽ അപ്പം. അതാണ് ക്രിസ്തു. മന്നായും ക്രിസ്തുവും തമ്മിലുള്ള താരതമ്യ പഠനം ഇവിടെ കാണാം. (പുറപ്പാട് 16-ാം അദ്ധ്യായവും യോഹ. 6:47–51 ഭാഗങ്ങൾ കാണുക)

1. മന്നാ സ്വർഗ്ഗത്തിൽ നിന്നു വന്ന ഭക്ഷണമായിരുന്നു. യേശു ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു വന്ന ജീവമന്നായാണ്.

2. മന്നാ നിലത്തു വീണു കിടന്ന ഭക്ഷണമാണ്. ക്രിസ്തു പിതാവിനോടുള്ള സമത്വം മുറുകെ പിടിച്ചു കൊണ്ടിരിക്കാതെ വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട താഴെ വീണു കിടന്ന വലിയവനാണവൻ.

3. മന്നാ വൃത്താകൃതിയിലുള്ള ആഹാര സാധനമായിരുന്നു. വൃത്താകൃതിയിലുള്ളതിന് ആദിയും അന്തവും പറയാനാവില്ല. യേശുക്രിസ്തു ആദിയും അന്തവുമാണ്. അവൻ ആൽഫയും ഒമേഗയുമാണ്.

4. മന്നാ ഇടിച്ചു പൊടിച്ചു വേവിച്ചു തിന്നുന്ന ആഹാരം. ക്രിസ്തുവും വേദനപ്പെട്ട്. മുറിക്കപ്പെട്ട്, തകർക്കപ്പെട്ട് അനേകർക്കു ഭക്ഷണമായിത്തീർന്ന ജീവ അപ്പമാകുന്നു.

5. മന്നാ തിന്നവർ പിന്നീട് മരിച്ചു. ജീവ അപ്പം ഭക്ഷിക്കുന്നവനു മരണമില്ലാ നിത്യ ജീവനാണ്.

6. ജീവ മന്നായാകുന്ന ശരീര രക്തം അനുഭവിക്കുന്നവന്റെ ഉള്ളിൽ ജീവനുണ്ട്. ഉള്ളിലെ ജീവനാണ് പ്രതിസന്ധിയിൽ ശക്തി നനൽകുന്നത്.

അതിനാൽ നിത്യ ജീവൻ നൽകുന്ന അവനെ വിശുദ്ധിയോടെ സ്വീകരിക്കാം.


പ്രതീക്ഷിക്കുക

**മലങ്കരസഭയിൽ നിന്നും ഒരു ചരിത്രോപഹാരം.**

എന്നെന്നും സൂക്ഷിച്ചു വയ്ക്കുവാൻ

*വിശദ വിവരങ്ങൾ അടുത്തലക്കത്തിൽ*



ചലചിത്ര പിന്നണി ഗായകൻ അലക്സ് കെ. പോൾ നയിക്കുന്നു

**സെന്റ്. മാത്യൂസ് ഓർക്കസ്ട്ര**



*ബുക്കിംഗ് തുടരുന്നു*

**ഗാനമേള, ഭക്തിഗാനമേള**

ഓർത്തഡോക്സ് ട്രഡീഷണൽ ട്യൂണിൽ ഹൃദ്യവും ഭക്തി നിർഭരവുമായി മാത്രം ആലപിക്കുന്ന **വെഡ്ഡിംഗ് ക്വയർ**

ഒപ്പം നവദമ്പതികൾക്കാശംസ അർപ്പിച്ചുകൊണ്ട് റിസപ്ഷൻ ഹാളിൽ നടത്തുന്ന പ്രത്യേക പ്രോഗ്രാം **(മിനി ഗാനമേള)**

**മാമോദീസാ ക്വയർ :** (ഓർത്തഡോക്സ് ട്രഡീഷണൽ ട്യൂൺ)

**ഫ്യൂണറൽ ക്വയർ :** ശോക സമ്പ്രദായമായ അന്തരീക്ഷം നിലനിർത്തിയുള്ള ആലാപനം.

**സെന്റ്. മാത്യൂസ് ഗോസ്പൽ ടീം.**

സഭയിലെ പ്രസിദ്ധ പ്രസംഗകരോടൊപ്പം അലക്സ് കെ. പോൾ നയിക്കുന്ന സംഗീത വിരുന്ന്. ഇന്ത്യയിലും വിദേശത്തും പ്രോഗ്രാം നടത്തപ്പെടുന്നു.

*പ്രത്യേക ശ്രദ്ധയ്ക്ക്*

*ഞങ്ങൾക്ക് ബുക്കിംഗ് ഏജന്റുമാരില്ല വഞ്ചിതരാകാതിരിപ്പാൻ അന്വേഷണങ്ങൾക്കും ബുക്കിംഗിനും അലക്സ് കെ. പോളിനെ നേരിൽ ബന്ധപ്പെടുവാൻ ശ്രമിക്കുക.*

*Contact:-*

**Alex K. Paul**
**Kuttikkattil House**
**Kizhavalloor P.O.**
**Konni, Pathanamthitta**
**Kerala, S. India**
**Ph: 0473-343385**
**Mobile-9847111439**

പ്രശസ്ത ചലചിത്ര സംവിധായകൻ **തമ്പികണ്ണന്താനം** നിർമ്മിച്ച് **അലക്സ് കെ. പോൾ** രചിച്ച് സംഗീതം നൽകിയ **പ്രാർത്ഥനാപൂക്കൾ** എന്ന കാസറ്റിലെ

*പ്രാർത്ഥനാ ഗാനം ഞങ്ങൾ പാടും*
*പാവനമാം ആലയത്തിനുള്ളിൽ*

എന്ന പ്രസിദ്ധഗാനം കേരളത്തിലെ ഇതര സഭാ ദേവാലയങ്ങളിൽ ദിവ്യ ബലിയർപ്പണാരംഭത്തിൽ ആലപിക്കുന്നു എന്നറിയുന്നതിൽ സർവ്വശക്തനാം ദൈവത്തിന് നന്ദിയർപ്പിച്ച് കൊണ്ട് അലക്സ് കെ. പോളിന്റെ അടുത്ത കാസറ്റ് പുറത്തിറക്കുന്നു.

**NB: കാസറ്റുകൾ ഞങ്ങളുടെ പ്രോഗ്രാം സ്ഥലത്ത് ലഭ്യമാണ്.**



## മലങ്കരസഭ പരസ്യനിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| Back Page (Colour) | : | 10000 | Half page | : | 1750 |
| Back page (B/W) | : | 5000 | Quarter page | : | 1250 |
| Front Inside | : | 3750 | Minimum | : | 750 |
| Back Inside | : | 3500 | Favours Block | : | 300 |
| Full page | : | 3000 | (Stamp Size) | | |




# ബൈബിൾപഠനം


**ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി-682 308**


### *ചോദ്യം*

**റോമാ ലേഖനം 15–16**

1. നാമും കൂട്ടുകാരും തമ്മിലുള്ള ആത്മീക ബന്ധം എങ്ങനെയായിരിക്കണം?

2. തിരുവെഴുത്തുകളിൽ ഉളവാകുന്ന ശ്രേഷ്ഠത എന്താണ്?

3. വിശ്വാസികൾ പരസ്പരം ഏത്പോലെ കൈക്കൊള്ളപ്പെടണം എന്നാണ് പറയുന്നത്.

4. "യേശു ക്രിസ്തു പരിച്ഛേദനക്കാർക്ക് ശുശ്രൂഷകനായിത്തീർന്നു" (15:9) എന്നതിന്റെ അർത്ഥമെന്ത്?

5. a) 15: 10, 11, 12 വാക്യങ്ങളിലെ നാല് പഴയ നിയമ ഉദ്ധരണികളുടെ റഫറൻസ് എഴുതുക?

b) ഈ നാല് ഉദ്ധരണികളിലും കാണുന്ന ഒരു പൊത് പദം ഏത്?

6. 15:1–13 വരെയുള്ള ഭാഗത്ത് മനോഹരമായ ഒരു ആശംസാ പ്രാർത്ഥനയുണ്ട്. ആ വാക്യം ഉദ്ധരിക്കുക?

7. റോമിലെ സഭയ്ക്കുള്ള മൂന്ന് അഭിനന്ദനാർഹമായ നേട്ടങ്ങൾ ഏതെല്ലാം?

8. "ക്രിസ്തു മാത്രമെ പുരോഹിതനായിട്ടുള്ളു" ക്രിസ്തീയ പ്രവർത്തകർ പുരോഹിതൻ എന്ന പദം ഉപയോഗിക്കുന്നത് വേദാനുസരണമല്ല എന്ന് പറയുന്നവർക്കു മറുപടി വാക്യം പൗലോസ് പറയുന്നത് എഴുതുക?

9. പ. പൗലോസ് ശ്ലീഹായുടെ പ്രവർത്തനമേഖല ഏതായിരുന്നു?

10. അന്നത്തെ ചിന്താഗതി അനുസരിച്ച് ലോകത്തിന്റെ പടിഞ്ഞാറെ അതിർത്തിയാണ് സ്പെയിൻ. അവിടം വരെ സുവിശേഷം അറിയിക്കുവാൻ പൗലോസിനെ പ്രേരിപ്പിച്ച വാക്യം ഏത്?

11. യഹൂദ ക്രിസ്ത്യാനികളായ യരുശലേമിലെ സഭ ദരിദ്രമായപ്പോൾ മറ്റു സ്ഥലത്തുള്ള വിജാതീയ ക്രിസ്തീയ സഭകൾ സഹായിക്കണമെന്ന് പ. പൗലോസ് ശ്ലീഹ പറയുവാൻ കാരണം എന്ത്?

12. a) ഫേബ എന്ന പേരിന്റെ അർത്ഥം എന്ത്?

b) അവർ ആരാണ്?

13. 16–ാം അദ്ധ്യായത്തിൽ ധാരാളം പേരുടെ പേര് പറഞ്ഞ് പൗലോസ് അഭിവാദനം ചെയ്യുന്നു. ഇതിൽ നിന്ന് ഇന്നത്തെ സഭയും നേതാക്കളും എന്തു ചെയ്യണമെന്നാണ് പറയുന്നത്?

14. ഈ അദ്ധ്യായത്തിൽ 26 പേര് പറഞ്ഞിട്ടുള്ളതിൽ 8 പേര് സ്ത്രീകളുടെ ആണ്. ഇതിൽ നിന്ന് എന്താണ് മനസ്സിലാക്കേണ്ടത്?

### *ഉത്തരം*

**റോമാലേഖനം 13–14**

1. a) ദൈവത്താൽ അധികാരങ്ങൾ നിയമിക്കപ്പെട്ടിരിക്കുന്നു.

b) അധികാരത്തോടു കീഴ്പ്പെട്ടിരിക്കുക. (13:1)

2. അധികാരമാകുന്ന ദൈവ വ്യവസ്ഥയോട് (13:2)

3. നന്മ ചെയ്യണം. (13–3)

4. നികുതി കൊടുക്കേണ്ടവന് നികുതി; ചുങ്കം കൊടുക്കേണ്ടവന് ചുങ്കം, ഭയം കാണിക്കേണ്ടവന് ഭയം; മാനം കാണിക്കേണ്ടവന് മാനം. (13:7)

5. വ്യഭിചാരം ചെയ്യരുത്, കുലചെയ്യരുത്, മോഷ്ടിക്കരുത്, മോഹിക്കരുത് എന്നുള്ളതും മറ്റു ഏത് കല്പനയും (13:9)

6. സ്നേഹം (13:10)

7. 13:13, പകൽ സമയത്ത് എന്നപോലെ നാം മര്യാദയായി നടക്ക, വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല.....

8. വിശ്വാസികൾ പരസ്പരം ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുക. ഓരോരുത്തരും ദൈവത്തോടു കണക്ക് ബോധിപ്പിക്കേണ്ടി വരും.

9. 1) ഭക്ഷണകാര്യങ്ങളിലുള്ള വിവേചനം ക്രിസ്തീയ വീക്ഷണത്തിൽ അസംഗതമാണ്. (vv:13,14)

2) അപരനെപ്പറ്റിയുള്ള കരുതൽ (vv:15,16)

3) നമ്മെ സ്ഥായിയായി ഭരിക്കേണ്ട ചിന്ത ദൈവരാജ്യത്തിന്റെ യഥാർത്ഥ സ്വഭാവമാണ്. (V.17)

4) ശക്തരായാലും, അശക്തരായാലും, അന്യോന്യം ആത്മീക വർദ്ധന വരുത്തുന്നതും സമാധാനം നിലനിർത്തുന്നതുമായ കാര്യങ്ങളിൽ വ്യാപൃതരാകണം. (vv:19,20)

5) സഹോദരന് ഇടർച്ച വരുത്തുന്ന യാതൊന്നും ചെയ്യരുത് (v:21)

6) ശക്തനോടും അശക്തനോടുമുള്ള ഉപദേശം (vv:22,23)




Mrs. Rachel Punnose & Fr. Punnose, Modisseril



ഒരു വിശ്വാസി, കുന്നം



കുഞ്ഞൂഞ്ഞമ്മ, കുമ്പഴ നികിൽ തോമസ്




Sherry Thomas, Jaipur

*For Favours Received*

St. Mary's,
St. Thomas,
St. Jude's,
St. George's,
St. Gregorios
& St. Basils

**SHIJO**



പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് ഓർമ്മ ജൂലൈ 12



സഖറിയാസ് മാർ ദീവന്നാസിയോസ് ഓർമ്മ ജൂലൈ 7



ഗീവർഗീസ് മാർ ദീയസ്ക്കോറോസ് ഓർമ്മ ജൂലൈ 24



എം.സി. കുറിയാക്കോസ് റമ്പാൻ ജൂലൈ 20 (മലങ്കരസഭ മുൻ പത്രാധിപൻ)



ഫാ. റ്റി. വി. ജോർജ്ജ് ഓർമ്മ ജൂലൈ 30 (മുൻ എഡിറ്റർ മലങ്കരസഭ)

## ബെസ് അവയുസൊ (സമാധാന ഭവനം)

എഴുപത്തി ഏഴ് വർഷങ്ങൾക്കുമുമ്പ് അങ്കമ്പിള്ളി മുഴുവഞ്ചേരിതറവാട്ടിലെ കുറച്ച് കുടുംബങ്ങൾ അരിപ്പാലം ഗ്രാമത്തിലുള്ള തങ്ങളുടെ വസ്തുക്കൾ സംരക്ഷിപ്പാനും കൃഷി ചെയ്യിപ്പിക്കുന്നതിനുമായി കുടിയേറി പാർത്തു. അവർക്ക് പ്രാർത്ഥിപ്പാനും, വി. കുർബാനയിൽ സംബന്ധിക്കുന്നതിനുമായി മഴുവഞ്ചേരി പാപ്പച്ചൻ എന്ന വന്ദ്യദേഹം 1160 സ്ഥലത്ത് വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ചതാണ് അരിപ്പാലം ഓർത്തോഡ്ക്സ് പള്ളി അദ്ദേഹത്തിന്റെ മരണം വരെയും വി. കുർബ്ബാന നിർവിഘ്നം നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു. മരണശേഷം മക്കൾ അച്ചാമ്മയും മേരിയും ആണ് നടത്തിയിരുന്നത്. ആരംഭത്തിൽ ധാരാളം അംഗങ്ങൾ ഉണ്ടായിരുന്ന ഇടവക ശുഷ്ക്കിച്ചു കൊണ്ടിരിക്കുന്നു. ജോലി സംബന്ധമായി വിദൂര സ്ഥലങ്ങളിലേക്കും; വിവാഹ ബന്ധത്തിൽ കൂടി മറ്റു സഭകളിലേക്കും ഇടവകാംഗങ്ങൾ പോയി. ഇപ്പോൾ ആറ് ഭവനങ്ങളിലായി പതിനഞ്ച് അംഗങ്ങൾ മാത്രമായി തീർന്നു.

പാപ്പച്ചന്റെ മക്കൾ അവരുടെ മരണത്തിനു മുമ്പ് പള്ളിയും വസ്തുവും കൊച്ചി ഭദ്രാസനത്തിന് ഇഷ്ടദാനമായി നൽകി.

ഈ പള്ളിയുടെ സ്ഥാപകൻ ഏതൊരു ഉദ്ദേശത്തോടു കൂടി ഇത് പണിതുവൊ ആ ഉദ്ദേശം നിലനിർത്തുന്നതിനുള്ള ആഗ്രഹത്താൽ കൊച്ചി ഭദ്രാസനാധിപൻ അഭി. അന്തോണിയോസ് തിരുമേനി, ബെസ്അവ്യൂസൊ പണിയുവാൻ ആഗ്രഹിച്ച് 1999 സെന്റ് തോമസ് ദിനത്തിൽ അടിസ്ഥാനശിലസ്ഥാപിച്ചത് പണി തുടങ്ങി. പ്രായമായി തങ്ങളെ പരിചരിക്കുവാൻ ആരുമില്ലാത്ത ആളുകളെ ഇവിടെ താമസിപ്പിച്ച് പരിചരിക്കുവാനാണ് ആഗ്രഹിക്കുന്നത്. സമാധാന ഭവനത്തിൽ താമസിക്കുന്ന എല്ലാവരും ശാന്തിയോടും സന്തോഷത്തോടും ഒരുമിച്ച് ജീവിച്ച് തങ്ങളുടെ ശിഷ്ടായുസ്സ് കഴിച്ച് കൂട്ടുവാനുള്ള അന്തരിക്ഷം ഒരുക്കുക, പള്ളിയിൽ നിന്നും പ്രാർത്ഥനധ്വനികളും, ആരാധനധ്വനികളും ദൈവസന്നിധിയിലേക്ക് ഉയരട്ടെ എന്നുള്ളതാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശം.

സഹൃദയരും, ഉദാരമതികളുമായ സഭാ സ്നേഹികളിൽ നിന്നും ലഭിച്ച പണം കൊണ്ട് ഭിത്തികൾ, അടിത്തറ, മേൽക്കൂര എന്നിവ തീർത്തും ശേഷിപ്പിച്ച പണികൾക്ക് ഏറ്റവും ചുരുങ്ങിയത് 8 ലക്ഷം രൂപ വേണം, നിങ്ങളുടെ നിർലോഭമായ സംഭാവനകൾ പ്രതിക്ഷിക്കുന്നു.

2001 സെന്റ് തോമസ് ദിനത്തിൽ ഉൽഘാടനം നടത്തുന്നതാണ്.

സി.കെ. ജോസഫ് റമ്പാൻ
മാനേജർ, ബെസ് അവ് യുസൊ, അരിപ്പാലം - 680688

ചെറുകഥ

# നിത്യമായ സ്നേഹം

## സാജൻ പീറ്റർ, തിരുവനന്തപുരം

........തൽക്കാലം നമ്മൾക്ക് ഈ മനുഷ്യനെ 'അവൻ' എന്നു വിളിയ്ക്കാം...

അവൻ...., ഊരും പേരുമില്ലാത്തവൻ..... അനാഥൻ!

ശൈശവത്തിൽ ഒരമ്മയുടെ മുലപ്പാലിനും വാത്സല്യ സ്നേഹത്തിനും അവൻ കൊതിച്ചു....! കൗമാരമായപ്പോൾ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു പിതാവിന്റെ സ്നേഹത്തിനായും കരുതലിനായും അവന്റെ ഉള്ളം തുടിച്ചു....!

ഈ യൗവ്വനത്തിലും അവൻ തേടിയതും സ്നേഹമായിരുന്നു...!

സ്നേഹം.....!, എന്താണത്....? പലരും പറഞ്ഞത് അവൻ കേട്ടിട്ടുണ്ട്..., അമ്മയുടെ സ്നേഹം...., അച്ഛന്റെ സ്നേഹം....., സഹോദരങ്ങളുടെ...., കൂട്ടുകാരുടെ... ദൈവത്തിന്റെ ഇങ്ങനെ പല തലങ്ങളിലുള്ള സ്നേഹത്തെക്കുറിച്ച്.....!

പക്ഷേ..., ഈ സ്നേഹമെല്ലാം ജീവിതത്തിൽ അവന് നിഷേധിക്കപ്പെട്ടതുപോലെ ആയിരുന്നു...!

സ്നേഹമെന്ന അമൃത് നുകരാൻ അവൻ അതിയായി ആഗ്രഹിച്ചു. ഒരുനാൾ സ്നേഹം തേടി അവൻ സമൂഹത്തിലേയ്ക്ക് ഇറങ്ങി.... പക്ഷേ, സമൂഹം "തന്തയില്ലാത്തവൻ" എന്ന ഓമനപേര് നൽകി അവനെ കല്ലെറിഞ്ഞു...

അവൻ ചിന്തിച്ചു.... "ഈ നാട്ടിൽ നിന്നും ഞാൻ പോകുന്നു.... സ്നേഹം തേടി. വെറും സ്നേഹമല്ല തനിയ്ക്കിനി ആവശ്യം. "നിത്യമായ സ്നേഹം"....., അതാണ് തനിയ്ക്കു വേണ്ടത്.. നിത്യമായ സ്നേഹം കണ്ടെത്തും അവരെ തനിയ്ക്കു വിശ്രമമില്ല.

.....യാത്ര....!

ഇനിയാത്ര...

തന്റെ ഭാണ്ഡവും പേറി അവൻ യാത്രയായി... നിത്യമായ സ്നേഹം തേടി...!

ഈ യാത്രയിൽ അവൻ 'അവളെ' പരിചയപ്പെട്ടു. പരിചയപ്പെടലിന്റെ തുടക്കം അവളിൽ നിന്നായിരുന്നു. അവൾ:- എന്റെ പേര് ശാലിനി എന്താ നിന്റെ പേര്...?

അവൻ പറഞ്ഞു. "എനിയ്ക്ക് പേരില്ല..." അവൾക്കത്ഭുതമായി...

"അതെന്താ നിനക്കു പേരില്ലാത്തത്..."?

"എനിക്ക്.......ആരുമില്ല.....ഞാൻ അനാഥനാണ്. എനിക്ക് ഒന്നേ വേണ്ടൂ.... സ്നേഹം! എനിയ്ക്ക് സ്നേഹം തരുമോ?

അവൾ ചിരിച്ചു... ആവശ്യമുള്ളവർക്ക് ആവോളം സ്നേഹം കൊടുക്കലാണ് എന്റെ ജോലി...! എന്റെ വീട്ടിൽ വരൂ ഞാൻ നിനക്ക് ആവോളം സ്നേഹം തരാം".....!!!

ഏതു രീതിയിലുള്ളതാണ് അവളുടെ സ്നേഹമെന്നു മനസ്സിലായപ്പോൾ അവൻ പറഞ്ഞു. "ജന്മം നൽകിയവരാരെന്ന് അറിയാത്തവനാണ് ഞാൻ..... ഒരു പക്ഷേ ... നീ എന്റെ സഹോദരിയാണെങ്കിലോ....? എനിയ്ക്കാവശ്യം കേവലം നിമിഷങ്ങളുടെ സ്നേഹമല്ല...! നിത്യമായ സ്നേഹമാണെനിക്കാവശ്യം....! നിത്യമായ സ്നേഹം....!!!

അവൾ ഒരു നിമിഷം മൗനം പൂണ്ടു...... പിന്നെ പറഞ്ഞു...,

"നിങ്ങളുടെ യാത്ര സഫലമാകാൻ ഞാൻ പ്രാർത്ഥിക്കാം....ഒരു സഹോദരിയുടെ മനസ്സോടെ...! അവളോട് നന്ദി പറഞ്ഞ് അവൻ നിത്യമായ സ്നേഹം നേടി യാത്രയായി...

ഈ യാത്രയിൽ അവൻ ഒരാളെ കണ്ടുമുട്ടി... അക്രമരാഷ്ട്രീയത്തിന്റെ വക്താവായ.. രക്ത ദാഹിയായ രാഷ്ട്രീയക്കാരനായിരുന്നു അയാൾ!

അവൻ രാഷ്ട്രീയക്കാരനോടു ചോദിച്ചു...,

... സഹോദരാ... എനിയ്ക്ക് നിത്യമായ സ്നേഹം കാട്ടിത്തരാമോ..?

പുതിയ ഒരു ഇരയെ കിട്ടിയതുകൊണ്ട് രാഷ്ട്രീയക്കാരൻ സന്തോഷിച്ചു.

"ഞാൻ നിനക്ക് നിത്യമായ സ്നേഹം കാട്ടിത്തരാം... നീ എന്റെ കൂടെ വരൂ....."

അങ്ങനെ അവൻ; നിത്യമായ സ്നേഹം തേടി ആ രാഷ്ട്രീയക്കാരനോടൊപ്പം യാത്രയായി....!

പക്ഷേ... ചോരയുടെ ചാലിലൂടെ ആയിരുന്നു അവന്റെ യാത്ര. ഇരുളിന്റെ മറവിൽ സഹോദരന്റെ ചോരയ്ക്കായി പതിയിരിയ്ക്കുന്ന ചീഞ്ഞ രാഷ്ട്രീയ ശവങ്ങളുടെ ലോകം!!! ഉറ്റവരുടെയും ഉടയവരുടെയും മുന്നിലിട്ട് മാടിനെപ്പോലെ മനുഷ്യനെ വെട്ടി നുറുക്കുന്ന ചെകുത്താൻമാരുടെ ലോകം. ആയുധങ്ങൾ മാത്രം സംസാരിയ്ക്കുന്ന നശിച്ച രാഷ്ട്രീയ ജീവിത പാതയിൽ നിന്നും രക്ഷപെടാൻ അവൻ തീരുമാനിച്ചു. മക്കളെ നഷ്ടപ്പെട്ട അമ്മമാരുടെ ഇടനെഞ്ചു പൊട്ടിയുള്ള തേങ്ങൽ അവനെ ഉണർത്തി. അവൻ തിരിച്ചറിഞ്ഞു..., താൻ തേടുന്ന നിത്യമായ സ്നേഹം ഇതല്ല".

അക്രമ രാഷ്ട്രീയത്തിന്റെ പാത വിട്ട് അവൻ ഓടി...!

അവൻ ഓടിയോടി തളർന്ന് വീണത് 'ആ പാദങ്ങളിൽ' ആയിരുന്നു...! അവൻ ആ മുഖത്തേക്കു നോക്കി. ആ രൂപം കണ്ട് അവൻ അമ്പരന്നു..., തലയിൽ മുൾക്കിരീടം..., അവിടെ നിന്നു ചുടുനിണം ഒഴുകുന്നു....നെഞ്ചിലെ മുറിവിൽ നിന്നും രക്തവും വെള്ളവും...! ഇരു കൈയ്യിലും കാലുകളിലും ആണിപ്പാടുകൾ.. ഈ ആണിപ്പാടുകളിൽ നിന്നും രക്തം പ്രവഹിക്കുന്നു...!!!

അവൻ ചോദിച്ചു. "അയ്യോ..... ആരാണ് നിന്നെ ഇത്ര ക്രൂരമായി വേദനിപ്പിച്ചത്...!

അവൻ കണ്ട ആ രൂപം ചിരിച്ചു....,

"നിനക്കു വേണ്ടിയാണ് ഞാൻ ഈ മുറിവുകൾ ഏറ്റത്"...

അവൻ അമ്പരപ്പോടെ ചോദിച്ചു.....

എനിയ്ക്കു വേണ്ടിയോ.....? അതിനു നാം തമ്മിൽ പരിചയം ഇല്ലല്ലോ.

ആ രൂപം വീണ്ടും ചിരിച്ചു..... പിന്നെ പറഞ്ഞു....,

"അതെ നിനക്കു വേണ്ടിയാണ് ഞാൻ ഈ വേദനകൾ എല്ലാം സഹിച്ചത്. ഇത്രയും കാലം ഞാൻ നിന്റെ മുന്നിലുണ്ടായിരുന്നിട്ടും നീ എന്നെ തേടി

# ക്രൈസ്തവ സാക്ഷ്യം : പുതിയ സഹസ്രാബ്ദത്തിൽ

**ഡോ. സിബി തരകൻ (അസി. ഡയറക്ടർ, ഇ.സി.സി. ബാംഗ്ലൂർ)**

### ആമുഖം

കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിലായി മനുഷ്യന്റെ ജീവിത നിലവാരത്തിലും സാംസ്ക്കാരിക ജീവിതത്തിലും വലിയ മാറ്റങ്ങൾ ഉണ്ടായി എന്ന് നമുക്കറിയാം. അടിമത്തവും അടിമവ്യാപാരവും ഇല്ലാതായി, സ്ത്രീകൾ കൂടുതൽ സ്വാതന്ത്ര്യരായി, വിദ്യാഭ്യാസ സൗകര്യങ്ങളും വൈദ്യശാസ്ത്രവും ലോകത്തിലെ അവികസിത പ്രദേശങ്ങളിൽ പോലും എത്തുകയും അത് സാമൂഹിക വികസനത്തിന് കാരണമായിത്തീരുകയും ചെയ്തു; മർദ്ദിതരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ഇടയിൽ സ്വാതന്ത്ര്യത്തിനായുള്ള ബോധോദയം ഉണ്ടായി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന മുദ്രാവാക്യം മുഴങ്ങിക്കേട്ടു. ഏകാധിപത്യ ഭരണ സമ്പ്രദായങ്ങളോടുള്ള വെറുപ്പ് വളരുകയും ജനാധിപത്യസമ്പ്രദായത്തോട് കൂടുതൽ ആദരവ് പ്രകടമാക്കുകയും ചെയ്തു. അണ്വായുധങ്ങൾ ഉൾപ്പെടെ മനുഷ്യസമുദായത്തിന് ഹാനികരങ്ങളായ എല്ലാ ആയുധങ്ങളുടെയും വ്യാപനത്തെ നിയന്ത്രിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലെല്ലാം ലോകത്തോടുള്ള ദൈവത്തിന്റെ അദമ്യമായ സ്നേഹപ്രകാശനമാണ് നമ്മൾ ദർശിക്കുന്നത്. ദൈവ സ്നേഹത്താൽ പ്രചോദിതമായ ഇത്തരം പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിലും മനുഷ്യ സമുദായത്തിന് വലിയ പുരോഗതി ഉണ്ടായി.

### മതങ്ങളുടെ പങ്ക്

എന്നാൽ ഇത്തരത്തിലുള്ള വളർച്ചയെ മുരടിപ്പിക്കുന്ന വിധത്തിലുള്ള പ്രശ്നങ്ങളും ആവിർഭവിക്കുന്നുണ്ട്. മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ അഭിവൃദ്ധിക്ക് മതങ്ങൾ വളരെ പ്രധാനപ്പെട്ട പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ മതങ്ങൾ തമ്മിലുള്ള അസഹിഷ്ണുതയും വർഗ്ഗീയ സ്പർദ്ധയുടെ വളർച്ചയും അപകടകരമായ ദിശയിലേക്കാണ് നീങ്ങിയത്. ക്രിസ്തുമതവും ഇസ്ലാംമതവും ഹിന്ദുമതവും പരസ്പരം സംശയങ്ങൾ വച്ചു പുലർത്തുന്ന ഒരു സ്ഥിതി വിശേഷം 20-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ വളരുകയുണ്ടായി.

### നവീന സങ്കേതങ്ങൾ

വിവര സാങ്കേതിക വിദ്യയുടെയും ഇലക്ട്രോണിക് മാധ്യമങ്ങളുടെയും വളർച്ച വാർത്താവിനിമയ രംഗത്ത് പ്രവചിക്കാനാവാത്ത വിധത്തിലുള്ള വികസനം ലഭ്യമാക്കി.

ലോകം ഒരു ആഗോള ഗ്രാമമായി ചുരുങ്ങി. എന്നാൽ ഇതോടൊപ്പം വ്യക്തികൾ തമ്മിലുള്ള വൈകാരിക ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടിയിട്ടില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വ്യക്തികൾ തമ്മിലുള്ള അകലം ഇന്ന് ഏറെ വർദ്ധിച്ചിരിക്കുന്നു.

"ആഗോളവത്കരണം", "ഉദാരവത്കരണം" എന്നീ ഓമനപ്പേരുകളിൽ അറിയപ്പെടുന്ന സാമ്പത്തീക രംഗത്തെ നവീന തന്ത്രങ്ങൾ വികസ്വര രാഷ്ട്രങ്ങളുടെ വളർച്ചക്കു സഹായമാകുന്നതായി സാമ്പത്തിക ശാസ്ത്രജ്ഞർ നിരീക്ഷിക്കുന്നു. ദരിദ്ര സമൂഹങ്ങളും ദരിദ്ര രാഷ്ട്രങ്ങളും കൂടുതൽ ദാരിദ്ര്യത്തിലേക്കും കടക്കെണിയിലേക്കും വീണു കൊണ്ടിരിക്കുന്നു. സമ്പന്നരായ പടിഞ്ഞാറൻ രാജ്യങ്ങൾ ഈ തന്ത്രങ്ങളിലൂടെ സമ്പത്ത് പതിന്മടങ്ങ് വർദ്ധിപ്പിച്ചുകൊണ്ടുമിരിക്കുന്നു. സാങ്കേതിക ജ്ഞാനത്തിന്റെയും ആയുധ ശേഷിയുടെയും മാധ്യമശക്തിയുടെയും സ്വാധീനം ഉപയോഗിച്ച് സമ്പന്ന രാജ്യങ്ങൾ ദരിദ്ര രാജ്യങ്ങളെ തങ്ങളുടെ അടിമകളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും വളർച്ചയോടൊപ്പം പ്രകൃതിയെ ചൂഷണം ചെയ്യലും പരിസര മലിനീകരണവും ക്രമാതീതമായി വർദ്ധിച്ചു കൊണ്ടു മിരിക്കുന്നു. ഇവയുടെ പ്രത്യാഘാതങ്ങൾ മനുഷ്യന്റെ സാമൂഹിക ജീവിതത്തെ കൂടുതൽ ദുഷ്കരമാക്കിക്കൊണ്ടാണിരിക്കുന്നത്. ഇത്തരത്തിലുള്ള വിവിധ പ്രശ്നങ്ങളെ നേരിടാനുള്ള ഉത്തരവാദിത്വമാണ് പുതിയ സഹസ്രാബ്ദം നമുക്ക് നൽകുന്നത്. ക്രൈസ്തവ സാക്ഷ്യം ഇത്തരത്തിലുള്ള പ്രശ്നങ്ങളുടെ നടുവിൽ എങ്ങനെ വെളിപ്പെടുത്താം എന്നാണ് നമ്മൾ ആലോചിക്കേണ്ടത്.

---

എവിടെയെല്ലാം....

അലഞ്ഞു. ഈ യാത്രയിൽ നീ ചെയ്ത പാപങ്ങളുടെ ഫലമാണ് എന്റെ ഈ മുറിവുകൾ..."

അവൻ വർദ്ധിച്ച സന്തോഷത്തോടെ ചോദിച്ചു..... "അപ്പോൾ ഞാൻ തേടുന്ന നിത്യമായ സ്നേഹം നീയാണോ?

ആ ദിവ്യ രൂപം പറഞ്ഞു അതെ.... ഞാൻ തന്നെയാണ് നീ തേടുന്ന നിത്യമായ സ്നേഹം.... വഴിയും സത്യവും ജീവനും ഞാനാകുന്നു... നീ എന്റെ വാത്സല്യ പുത്രനാണ്.... നിന്റെ പേര് ഇമ്മാനുവേൽ... നിന്റെ നാഥൻ ഞാനാണ്. മകനെ, നീ എന്റെ അടുത്തു വരൂ....."

താൻ ജീവിതത്തിൽ കേൾക്കാൻ കൊതിച്ച 'മകനെ' എന്നുള്ള പുത്ര വാത്സല്യ ശബ്ദം കേട്ട് സന്തോഷത്തോടെ അവൻ ആ മാറിലേക്ക് ചാഞ്ഞു... അവൻ തേടിയ നിത്യമായ സ്നേഹം അവനെ പുത്ര വാത്സല്യത്തോടെ ചേർത്തു പിടിച്ചു....!

നമ്മൾക്കിനിയിപ്പോൾ അവനെ പേർ ചൊല്ലി വിളിയ്ക്കാം..., ഇമ്മാനുവേൽ....!!! ഇനിയവൻ അനാഥനല്ല.... നിത്യതയുടെ നാഥൻ അവനു നാഥനായിട്ടുണ്ട്.!!!

നിത്യമായ സ്നേഹം തേടിയുള്ള അവന്റെ യാത്ര ഇവിടെ പൂർണ്ണമാകുന്നു.



### ക്രൈസ്തവ സാക്ഷ്യം - നിർവചനം

എന്താണ് ക്രൈസ്തവസാക്ഷ്യം? "ക്രിസ്തുവിനെ ആധാരമാക്കി നമ്മുടെ വിശ്വാസത്തെ നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ട് മൂല്യ നിർണ്ണയം ചെയ്യലാണ് "സാക്ഷ്യം". വിശ്വാസത്തെ പ്രവൃത്തി കൊണ്ട് പരീക്ഷിക്കലാണ് ഇത്. "Witness is the varification of our faith in action with respect of the image to christ" എന്ന് ഫെയ്ത്ത് ആൻഡ് ഓർഡർ കമ്മീഷന്റെ മോഡറേറ്ററായിരുന്ന പ്രൊഫ. നിക്കോസ് നിസിയോഷിസ് നിർവ്വചിക്കുന്നു.

### സാക്ഷ്യത്തിന്റെ വെളിപ്പെടുത്തൽ

ഈ സാക്ഷ്യം ഏതൊക്കെ വിധത്തിലാണ് പ്രകടിതമാകുന്നത്? ഒന്നാമത്, ലോകവുമായുള്ള ഐക്യദാർഢ്യത്തിലുള്ള സാക്ഷ്യം അല്ലെങ്കിൽ ലോകവുമായുള്ള ഐക്യ ദാർഢ്യത്തിനുവേണ്ടിയുള്ള സാക്ഷ്യം. ("Witness in and for solidarity with the world"). ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തെ ലോകത്തിനു വേണ്ടി അഥവാ ലോകവുമായി ബന്ധിപ്പിക്കുന്ന സാക്ഷ്യമാണിത്. എല്ലാവിധത്തിലുമുള്ള അനീതികൾക്കും അക്രമങ്ങൾക്കും എതിരായി പ്രവർത്തിക്കുന്നതിന് ക്രിസ്ത്യാനിയെ സജ്ജമാക്കുന്ന സാക്ഷ്യമാണിത്. ലോകത്തിലെ എല്ലാ വിധത്തിലുമുള്ള മനുഷ്യാവസ്ഥകളിലും ഇടപെടുവാനുള്ള ആത്മാർത്ഥമായ സന്നദ്ധതയിൽ നിന്ന് രൂപം കൊള്ളുന്ന സാക്ഷ്യമാണിത്. വർഗ്ഗീയത, ജാതീയത, ദാരിദ്ര്യം, ക്ഷാമം, ചൂഷണം, അനീതി, സമാധാന ലംഘനം എന്നിങ്ങനെയുള്ള വ്യത്യസ്ഥങ്ങളായ മനുഷ്യാവസ്ഥകളിൽ ഇടപെടുവാനും അതു വഴി ക്രിസ്തുവിന്റെ, സ്നേഹം കൂടുതൽ വെളിപ്പെടുത്തുവാനും സഭകൾക്ക് കഴിയണം.

സഭ ഒരു വിശുദ്ധ സ്ഥാപനമാണ് എന്നുള്ളതിൽ തർക്കമില്ല. അതോടൊപ്പം സഭ ഒരു സാമൂഹിക സ്ഥാപനവുമാണ്. ഈ വീക്ഷണം നമ്മുടെ ഇടയിൽ കൂടുതലായി വളരേണ്ടിയിരിക്കുന്നു.

b) ക്രൈസ്തവ സാക്ഷ്യം ലോകത്തിന് വെളിപ്പെടുത്തേണ്ട മറ്റൊരു വിധം, ലോകത്തെക്കുറിച്ചുള്ള പ്രവാചക നിഷ്ഠമായ വിധി കല്പന എന്ന നിലയിലാണ്. (witness as a prophetic judgement of the world) ഇത് ലോകഗതിയെ വിമർശന വിധേയമാക്കലാണ്. പഴയ നിയമ കാലത്ത് പ്രവാചകന്മാർ വെളിപ്പെടുത്തിയ സാക്ഷ്യം ഇത്തരത്തിലുള്ളതായിരുന്നു. പ്രവാചക നിഷ്ഠമായ വിധികല്പനയിൽ ശക്തമായ വിമർശനത്തിനും എതിർപ്പിനും സാംഗത്യമുണ്ട്. യെശയ്യാ പ്രവചനത്തിലെ ഒരു ഭാഗം ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാകും. 58-ാം അദ്ധ്യായത്തിൽ ദൈവത്തിന് പ്രസാദകരമായ ഉപവാസം എങ്ങനെയുള്ളതാണ് എന്ന് പ്രവാചകൻ പറയുന്നു. "ഇതാ കലഹത്തിനും വാഗ്വാദത്തിനും ക്രൂരമുഷ്ടി കൊണ്ട് ഇടിക്കുവാനുമായി നിങ്ങൾ ഉപവസിക്കുന്നു. നിങ്ങളുടെ പ്രാർത്ഥന ഉയരങ്ങളിൽ കേൾക്കപ്പെടുവാൻ തക്കവണ്ണമല്ല ഇന്നു നിങ്ങൾ ഉപവസിക്കുന്നത്. ഇത്തരമൊരു ഉപവാസവും ആത്മതപനവുമോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ഓടച്ചെടിയെപ്പോലെ രട്ടും ചാരവും വിരിക്കുക ഇതിനെയോ നിങ്ങൾ ഉപവാസമെന്നും യഹോവയ്ക്ക് സ്വീകാര്യമായ ദിവസമെന്നും പറയുന്നത്? ദുഷ്ടതയുടെ ബന്ധനങ്ങൾ അഴിച്ചുകളയുക, നുകത്തിന്റെ ബന്ധന പാശങ്ങൾ അഴിക്കുക, മർദ്ദിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക, എല്ലാ നുകത്തെയും തകർത്തുകളയുക. വിശക്കുന്നവന് അപ്പം വിഭാഗിച്ചു കൊടുക്കുക, ഭ്രഷ്ടരായ ദരിദ്രരെ നിന്റെ വീട്ടിൽ കൈക്കൊള്ളുക. നഗ്നനെ കണ്ടാൽ അവനെ വസ്ത്രം ധരിപ്പിക്കുക, നിന്റെ മാംസ രക്തങ്ങളായവരിൽ നിന്ന് ഒഴിഞ്ഞു മാറാതിരിക്കുക, ഇതല്ലേ ഞാൻ പ്രിയപ്പെടുന്ന ഉപവാസം? അപ്പോൾ നിന്റെ പ്രകാശം പ്രഭാതം പോലെ പൊട്ടിവിരിയും; നിന്റെ ആരോഗ്യം വേഗം വർദ്ധിച്ചു വരും. നിന്റെ നീതി നിനക്കുമുമ്പിൽ നടകൊള്ളും; യഹോവയുടെ മഹത്വം നിനക്കു പിൻകാവലായിത്തീരും" (58:4-8) പ്രവാചകന്റെ വിമർശനം ഇക്കാലത്തും പ്രസക്തമാണ്. ലോകത്തെ സേവിക്കണമെങ്കിൽ പലപ്പോഴും ഈ ലോകത്തിന്റെ ഗതിയെയും ശക്തി കേന്ദ്രങ്ങളെയും എതിർക്കേണ്ടത് ആവശ്യമായി വരും ദൈവ സ്നേഹത്തിൽ അടിയുറച്ചുകൊണ്ട് ലോകത്തോടു ക്രിയാത്മകമായി ഐക്യദാർഢ്യം പ്രഖ്യാപിക്കണമെങ്കിൽ ഈ പ്രവാചകനിഷ്ഠമായ വിധി കല്പന ആവശ്യമാണ്.

c) ദൈവമഹത്വത്തിനുവേണ്ടി രക്തസാക്ഷിത്വം വഹിക്കുന്ന മറ്റൊരു മുഖവും ക്രൈസ്തവ സാക്ഷ്യത്തിനുണ്ട്. (witness as martiria to the glory of God). മറ്റുള്ളവർക്കുവേണ്ടി സ്വന്തം ജീവിതത്തെ ബലിയായി നൽകുന്ന സാക്ഷ്യമാണിത്. അതിൽ പീഡനവും കഷ്ടപ്പാടും അടങ്ങിയിരിക്കുന്നു. ക്രൈസ്തവ സാക്ഷ്യം പീഢനവും ദുരിതവുമാണ് എന്നു പറയാവുന്ന വിധത്തിൽ അവ തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു.

(തുടരും)


**ഒന്നാം ചരമവാർഷികം**



**അന്നമ്മ ഫിലിപ്പ് (റിട്ട. റ്റീച്ചർ)**
തിരുവല്ലാ, മുത്തൂർ, കണയ്ക്കാട്
ശ്രീ. കെ.സി. ഫിലിപ്പിന്റെ ഭാര്യ

കർത്താവേ! നിന്നിൽ ആശ്രയിച്ചു നിന്റെ വരവിനെ നോക്കിപ്പാർപ്പിക്കുന്ന ഞങ്ങളുടെ മരിച്ചു പോയവരെ നീ പുണ്യ മാക്കേണമേ

ഞങ്ങളുടെ പ്രിയ മാതാവ് ഞങ്ങളെ വിട്ടു പിരിഞ്ഞ് ഒരു വർഷം തികയുന്നു. എന്നും മായാത്ത ഓർമ്മകൾ

ദുഃഖാർത്തരായ മക്കൾ
Fr. Jacob Philip £ Aleyamma Jacob (U.S.A)
Licy Alexander & P.V. Alexander
Mary Paulose £ Fr. Paulose Adai (U.S.A.)
Anie Kurian £ Kurian Kurian

## 40-ാം ചരമദിനം
## 14-07-2001



## വെരി. റവ. പിറ്റി. മാത്യൂസ് കോറെപ്പിസ്ക്കോപ്പ
### നാരങ്ങാനം

അച്ചന്റെ വേർപാടിൽ ഞങ്ങളെ ആശ്വസിപ്പിക്കയും, അനുശോചനം അറിയിക്കുകയും, കബറടക്ക ശുശ്രൂഷയിൽ വന്ന് സംബ്ധിക്കുകയും ചെയ്ത എല്ലാവർക്കും, പ്രത്യേകിച്ച് അഭിവന്ദ്യ തിരുമേനിമാർക്കും, വൈദിക ശ്രേഷ്ടർ, കന്യാസ്ത്രീകൾ, രാഷ്ട്രീയ നേതാക്കന്മാർ, സമുദായീക സംസ്ക്കാരിക നേതാക്കൾ, വിവിധ ഇടവകയിലെ ജനങ്ങൾ എല്ലാവരോടുമുള്ള ഞങ്ങളുടെ കൃതജ്ഞത അറിയിക്കുന്നു.

2001 ജൂലൈ 14-ാം തീയതി ശനിയാഴ്ച രാവിലെ 7.30 ന് നാരങ്ങാനം സെ. ഓസിയോസ് ഓർത്തഡോക്സ് പള്ളിയിൽ അഭിവന്ദ്യത തിരുമേനിമാരുടെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബ്ബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും തുടർന്ന്, ഇതര ചടങ്ങുകളും ഉണ്ടായിരിക്കും.

**ഞങ്ങളുടെ പ്രിയപ്പെട്ട പിതാവിന്റെ വാത്സല്യം ഒത്തിരി ഒത്തിരി അനുഭവിച്ച**

**മോളി മാത്യു - ഭാര്യ**

**മക്കൾ**

സാലി
റീബി
ഫേബ

**മരുമക്കൾ**

ജോൺ ഫിലിപ്പോസ്, കോട്ടയ്ക്കേത്ത് കോഴഞ്ചേരി
തോമസ് വറുഗീസ് തെക്കേ പറമ്പിൽ വള്ളംകുളം
റവ. ഫാ. ജോൺ മാത്യു, മഠത്തിലേത്ത്, അന്ത്യാ ഇൻകാവ്

**കൊച്ചുമക്കൾ**

ധന്യ, തേജസ്, ജിജോ, സിജോ, നിധി, നിത്യ

# സൗമ്യതയുടെ ജീവിതം



## (ഫാ. പി.റ്റി. മാത്യൂസ് - ഒരനുസ്മരണം)

*ഫാ. റൈറസ് ജോർജ്ജ് (ഭദ്രാസന സെക്രട്ടറി)*

മനസ്സിന്റെ കണ്ണാടിയാണ് മുഖം; സൗമ്യതകൊണ്ടും പുഞ്ചിരി കൊണ്ടും വ്യക്തിത്വം പൂർണ്ണമായും മറ്റുള്ളവരിലേക്ക് വ്യാപരിപ്പിക്കുവാൻ കഴിവുള്ള അപൂർവ്വം ചില വ്യക്തികളിൽ പ്രമുഖനായിരുന്നു ദിവംഗതനായ പി.റ്റി. മാത്യൂസ് കോർഎപ്പിസ്ക്കോപ്പാ.

നാരങ്ങാനം പുത്തൻ പറമ്പിൽ പരേതനായ പി.ജി. തോമസിന്റെയും സാറാമ്മയുടെയും മകനായി 1925 മെയ് 25ന് ജനനം. കടിഞ്ഞൂൽ പുത്രനെ മാതാപിതാക്കൾ സഭയ്ക്ക് നേർന്നു. മാർ ഓസിയോസിന്റെ നാമത്തിൽ പണികഴിപ്പിച്ച നാരങ്ങാനം ഇടവക ആവശ്യാനുസരണം വൈദികരെ കിട്ടാൻ ബുദ്ധിമുട്ടുന്ന കാലം. ഇടവക ജനങ്ങൾ ഒന്നായി സൗമ്യനും സമർത്ഥനുമായ മാത്യൂസിനു പട്ടം കൊടുക്കണം എന്ന ആവശ്യവുമായി ഒപ്പ് ശേഖരണം നടത്തി ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമനസ്സിനെ സമീപിച്ചു. ബാലനിലെ സവിശേഷതയും ജനങ്ങളുടെ ആവശ്യവും പരിശുദ്ധ പിതാവിനു ബോധ്യമായി സെമിനാരി പഠനത്തിനയച്ചു. എം.ഡി. സെമിനാരിയിൽ നിന്ന് പഴയ സെമിനാരിയിലേക്ക് വൈദിക പഠനം ആരംഭിച്ച കാലം. ആദ്യ ബാച്ചിൽ തന്നെ പഴയ സെമിനാരിയിൽ പഠനം നടത്തി. സെമിനാരി പഠന കാലത്ത് സുറിയാനിയിൽ അതിവ പാണ്ഡ്യത്യം കാട്ടിയിരുന്നതിനാൽ പ്രത്യേക പുരസ്ക്കാരങ്ങൾ നാലു വർഷവും നേടി, പ്രശസ്തമായി സെമിനാരി പഠനം പൂർത്തിയാക്കി. ശെമ്മാശനായി. പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സീനോസ് തിരുമനസ്സിന്റെ സെക്രട്ടറിയായി മൂന്നു വർഷം പ്രവർത്തിച്ചു. 1949 ഏപ്രിൽ 7-ന് വൈദികനായി. 52 വർഷം അതിപ്രശസ്തമായ നിലയിൽ വൈദികനായി പ്രവൃത്തിച്ചു. ലളിതമായ ജീവിതം ആരാധന മാധുര്യം, വിട്ടുവീഴ്ചയില്ലാത്ത ആരാധനയിലെ കൃത്യനിഷ്ഠ, അച്ചന്റെ പ്രത്യേകതയായിരുന്നു. മാതൃ ഇടവകയെ കൂടാതെ ആറാട്ടുപുഴ, മാരാമൺ, കാരൂർ എന്നീ ഇടവകകളിൽ സേവനമനുഷ്ഠിച്ചു. സ്വന്ത ഇടവകയിൽ നീണ്ട വർഷം വികാരിയായി സേവനമനുഷ്ഠിച്ചതിന്റെ പിന്നിലെ ഭരണതന്ത്രജ്ഞത, ആത്മാർത്ഥത ഒന്നുമാത്രമായിരുന്നു. വിദേശ ഇടവകകളിലേക്ക് ധാരാളം അവസരങ്ങൾ വന്നു ചേർന്നപ്പോൾ യാത്രക്ലേശമുള്ളതും ചെറിയതുമായ സ്വന്ത ഇടവകയിലെ ജനങ്ങളെയും മറ്റ് വൈദികരെയും ബുദ്ധിമുട്ടിക്കരുത് എന്ന് കരുതി അവസരങ്ങൾ തട്ടിമാറ്റി.

അഭിവന്ദ്യ ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയുടെ ഏറ്റവും അടുത്ത വൈദികരിൽ ഒരാളായിരുന്നു നാരങ്ങാനത്തച്ചൻ. ഈ സ്നേഹബന്ധമാണ് അഭിവന്ദ്യ തിരുമേനിയ്ക്ക് ഒരു പിൻഗാമി വേണമെന്ന ആവശ്യമുണ്ടായപ്പോൾ അഭിവന്ദ്യനായ യൗസേബിയോസ് തിരുമേനി ആയിക്കൊള്ളട്ടെ എന്നു ശഠിച്ചത്. സഭയിൽ ആദ്യമായി വൈദികരുടെ ഒരു സംഘം രൂപീകരിച്ചതും തുമ്പമൺ ഭദ്രാസനത്തിലായിരുന്നു. അതിന്റെ ആരംഭം മുതൽ 17 വർഷം സെക്രട്ടറിയായി സേവന മനുഷ്ഠിച്ചു. 1995 ൽ വൈദികയോഗം കൂടുന്ന അവസരത്തിൽ മാത്യൂസ് അച്ചന് 70 വയസ്സായി എന്നു സഹോദരനായ അഭിവന്ദ്യ യൗസേബിയോസ് തിരുമേനി വൈദികരെ അറിയിച്ചപ്പോൾ കൂടിയ വൈദികർ ഒന്നടങ്കം മാത്യൂസ് അച്ചനെ കോർഎപ്പിസ്ക്കോപ്പായാക്കണം എന്ന ആവശ്യമുന്നയിച്ച് മാത്യൂസ് ദ്വിതീയൻ ബാവാ തിരുമനസ്സിനെ സമീപിക്കുകയും. പരിശുദ്ധ പിതാവ് മാത്യൂസ് അച്ചൻ അതിനു യോഗ്യനാണ്. എത്രയും വേഗം അതിനു ക്രമീകരണം ഉണ്ടാകണം എന്നു കല്പിക്കുകയും അതിൻ പ്രകാരം 1995 ആഗസ്റ്റ് 12 നു കോർഎപ്പിസ്ക്കോപ്പാസ്ഥാനം നൽകുകയും ചെയ്തു.

സഭാ ജീവിതത്തിൽ തണലായും കുടുംബ ജീവിതത്തിൽ തുണയായും സഹധർമ്മണി മോളി മാത്യൂസ് ജീവിച്ചു ലഭിച്ച മൂന്നു പെൺ മക്കളെയും മാതൃകപരമായി വളർത്തി കുടുംബ ജീവിതം പവിത്രമാക്കി.

വൈദിക ശ്രേണിയിൽ മുൻ പന്തിയിൽ നിന്ന ആ ചങ്ങലയുടെ ഇളം കണ്ണികളാണ് സഹോദരനായ ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി. ഭാര്യാ സഹോദരൻ ജോൺ വി. ജോൺ കോർഎപ്പിസ്ക്കോപ്പാ സഹോദരപുത്രൻ ജോൺ ഫിലിപ്പ് അച്ചൻ, മരുമകൻ ജോൺ മാത്യൂസ് അച്ചൻ.

ജീവിതത്തിൽ 60, 70, 75 ഒക്കെ ആരും അറിയാതെ കടന്നു പോയ ഈ വൈദിക ശ്രേഷ്ഠൻ ജന ഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു. അതിന്റെ ബഹിർസ്ഫുരണമായിരുന്നു അദ്ദേഹത്തിന്റെ കബറടക്ക സമയത്ത് തടിച്ചു കൂടിയ ജനങ്ങൾ. അദ്ദേഹത്തിന്റെ മനസ്സിന്റെ നിർമ്മലതയായിരുന്നു ഇടവപ്പാതിയുടെ തോരാത്ത മഴയിൽ അന്നുണ്ടായ ശാന്തമായ അന്തരീക്ഷം. ഈ ആചാര്യശ്രേഷ്ഠൻ എന്നുമെന്നും ജന ഹൃദയങ്ങളിൽ ജീവിക്കും.


**5TH CAMP FOR LEADERSHIP TRAINING**

(For Teenagers on vacation from Gulf)

**Dates: 22-28 July 2001**

Venue: Sophia Centre, Old Seminary, kottayam

* *Have fun while you learu about the Church and Christian Leadership*
* *Join a historic tour of Chrisitan heritages spots.*
* *A Youth camp that can change your life*

***For Details contact:***

Fr. Philip Kuruvilla, NCCI, P.O.BOx 205 Nagpur440001
Fr. John Mathews, Old Seminary, P.O. Box. 98, Kottayam-686001
or e-mail: frpkuruvilla@hotmail.com

# മക്കോഡിയാ മിഷൻ



മക്കോഡിയാ: ഭിലായി സെന്റ് തോമസ് മിഷന്റെ ചുമതലയിൽ ഇറ്റാർസിക്കടുത്ത് മക്കോഡിയാ എന്ന സ്ഥലത്ത് നടത്തുന്ന ഗ്രാമീണ മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മറ്റും ഭിലായി മിഷൻ ഡയറക്ടർ ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ്, ട്രഷറർ ഫാ. രാജു തോമസ്, ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ റീജനൽ മാനേജർ മി. പ്രദാൻ യൂഹന്നാൻ എന്നിവർ 2001 മാർച്ച് 29,30 തീയതികളിൽ മക്കോഡിയായിലും പ്രാന്തപ്രദേശങ്ങളിലും സന്ദർശിക്കുകയുണ്ടായി.

സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ പരിപാലനത്തിന് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ മുന്നേറുന്നത് ശ്ലാഘനീയമായിരുന്നു. ഓരോ ഗ്രാമങ്ങളിലുള്ള പ്രവർത്തകരുടെയും അംഗൻവാടി പ്രവർത്തകരുടെയും മീറ്റിംഗ് നടത്തപ്പെട്ടു. പ്രൊജക്ട് മാനേജർ ശ്രീ. റോയി വറുഗീസ് വിശിഷ്ടാതിഥികൾക്ക് സ്വാഗതം ആശംസിക്കുകയും പ്രവർത്തകരുടെ ആത്മാർത്ഥമായ സഹകരണത്തെ പ്രകീർത്തിക്കുകയും ചെയ്തു.

ഫീൽഡ് വർക്കേഴ്സിനും അംഗൻവാടി പ്രവർത്തകർക്കും യൂണിഫോമും ഓരോ ഗ്രാമങ്ങളിലേക്ക് വേയിംഗ് മെഷീനും മറ്റും മിഷൻ ഡയറക്റ്റർ വിതരണം ചെയ്തു.

# വാർഷിക കോൺഫ്രൻസ്

നിരണം ഭദ്രാസന മർത്തമറിയം വനിതാസമാജം വാർഷിക കോൺഫറൻസും പൊതുസമ്മേളനവും 26.6.2001 ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ തിരുവല്ല മാർ ബസേലിയോസ് ജൂബിലി സെന്ററിൽ വച്ച് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ മഹനീയ നേതൃത്വത്തിൽ നടന്നു.

രാവിലെ ബൈബിൾ ക്ലാസ്സുകൾക്ക് റവ. ഫാദർ ബിജേഷ് ഫിലിപ്പ് *വൈസ് പ്രിൻസിപ്പാൾ, വൈദിക സെമിനാരി*, നാഗപ്പൂർ, സിസ്റ്റർദീന, സുപ്പീരിയർ സെന്റ് ബേസിൽ കോൺവന്റ് കൊട്ടാരക്കര എന്നിവർ നേതൃത്വം നൽകി.

ജിബു കുര്യൻ ജേക്കബ് (ശ്രുതി കോട്ടയം) ഗാനപരിശീലനത്തിന് നേതൃത്വം നൽകി.

വാർഷിക സമ്മേളനം അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്തു. ഭദ്രാസന മർത്തമറിയം സമാജം വൈസ്പ്രസിഡന്റ് റവ. ഫാ. മത്തായി ഉമ്മൻ അധ്യക്ഷത വഹിച്ചു. പ്രൊഫ. വർഗീസ് മാത്യു (നിരണം ഭദ്രാസന ദിവ്യബോധനം ഡയറക്ടർ) മുഖ്യ പ്രഭാഷകനായിരുന്നു. ശ്രീമതി ചിന്നമ്മ ചാക്കോ (സഞ്ചാരമിഷണറി, ഭദ്രാ. മർത്ത: സമാജം) ആശംസാ പ്രസംഗം നടത്തി. ഗ്രൂപ്പ് സെക്രട്ടറിമാരായ എലിസബത്ത് ജോൺ, അമ്മുക്കുട്ടി ഏബ്രഹാം, ഓമനയമ്മ വർഗീസ് എന്നിവരും ഭദ്രാസന മർത്ത: സമാജം സെക്രട്ടറി അന്നമ്മ ജോസഫും പ്രസംഗിച്ചു. പരീക്ഷയിൽ വിജയിച്ചവർക്കുള്ള സമ്മാനദാനവും നിർവ്വഹിച്ചു.

# വൈദീക ചരമം



ഫാ. എം.ജി. മത്തായി

തട്ട സെന്റ് മേരീസ് ഇടവകാംഗമായ മേലേതിൽ ഫാ. എം.ജി. മത്തായി നിര്യാതരായി. സംസ്ക്കാരം തട്ട സെന്റ് ജോർജ്ജ് കാതോലിക്കേറ്റ് സിംഹാസനപള്ളിയിൽ അഭിവന്ദ്യ തിരുമേനിമാരുടെയും വൈദിക പ്രമുഖരുടെയും വമ്പിച്ച ജനാവലിയുടെയും സാന്നിധ്യത്തിൽ നടത്തി. 1967 ൽ വൈദികനായി. തട്ട, മുളന്തറ, മണ്ണാറകുളഞ്ഞി, അട്ടച്ചാക്കൽ, തുമ്പൺ, കുമ്പഴ, വാഴമുട്ടം എന്നീ ഇടവകകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

തുമ്പമൺ ഭദ്രാസന കൗൺസിലംഗമായി പ്രവർത്തിച്ചു വരികയായിരുന്നു അച്ചൻ.

# നാല്പതാം അടിയന്തിരം

അന്തരിച്ച മലങ്കരസഭാ മാനേജർ ഫാ. ടി. ജി. സഖറിയയുടെ നാല്പതാം അടിയന്തിര ഉമയാറ്റുകര സെ. തോമസ് പള്ളിയിൽ ജൂൺ 16-ാം തീയതി സമുചിതമായി നടത്തി. വി. കുർബാനയ്ക്കു ശേഷം നടന്ന അനുസ്മരണ സമ്മേളനത്തിൽ അച്ചൻ രചിച്ച കാതോലിക്കാ ബാവാമാരുടെ കാലടികളിൽ എന്ന ഗ്രന്ഥം ശ്രീ. കെ.എം. മാത്യു പ്രകാശനം ചെയ്തു. ശ്രീ. കെ.വി. മാമ്മൻ, ഡോ. തോമസ് മാർ മക്കാറിയോസ്, രമേശ് ചെന്നിത്തല, എം.പി. ശോഭനാ ജോർജ്ജ് എം.എൽ.എ., ഫാ. ടി. എ. ഇടയാടി തുടങ്ങിയവർ അനുസ്മരണ പ്രസംഗം നടത്തി. ശ്രീ. തോമസ് കുതിരവട്ടം സ്വാഗതവും വികാരി ഫാ. ജോൺ വർഗീസ് കൃതജ്ഞതയും രേഖപ്പെടുത്തി.





# ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് ഇന്റർനെറ്റ് ഫോറം

ഇന്ത്യൻ ഓർത്തഡോക്സ് വിശ്വാസികൾ ഒരു രാജ്യാന്തര ഡിസ്കഷൻ ഫോറമായി ആരംഭിച്ച ഇൻഡ്യൻ ഓർത്തഡോക്സ് ഇന്റർനെറ്റ് ഫോറം ആറുമാസം പിന്നിട്ടതോടെ അറുനൂറ്റി അമ്പതിലധികം അംഗങ്ങളുള്ള ഒരു സംഘടനയായി വളർന്നിരിക്കുന്നു.

ലോകത്തിന്റെ നാനാഭാഗത്തും താമസിക്കുന്ന ഇന്ത്യൻ ഓർത്തഡോക്സുകാർക്ക് സഭയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുവാനായി തുടങ്ങിയ അനൗദ്യോഗിക സംഘടനയാണ് ഇന്ത്യൻ ഓർത്തഡോക്സ് ഇന്റർനെറ്റ് ഫോറം. ഗൾഫ് രാജ്യങ്ങളിലും നോർത്ത് അമേരിക്കയിലും താമസിക്കുന്ന അംഗങ്ങൾ ഇ-മെയിൽ വഴിയോ സംഘടനയുടെ വെബ്സൈറ്റുവഴിയോ ചർച്ചകളിൽ നിത്യേന പങ്കുകൊള്ളുന്നു.

സഭാ കാര്യങ്ങളിൽ തല്പരരായ ഏതൊരാൾക്കും ഇന്ത്യൻ ഓർത്തഡോക്സ് ഇന്റർ നെറ്റ് ഫോറത്തിൽ അംഗമാകാം. നിങ്ങളുടെ ഇ-മെയിൽ അഡ്രസ്സ് indianorthodox@hotmail.com എന്ന വിലാസത്തിലേക്ക് എഴുതി അറിയിക്കുകമാത്രം ചെയ്താൽ മതി. http://group.yahoo.com/group/indianorthodox എന്ന വെബ്സൈറ്റിൽ കൂടിയും അംഗമാകാം.

# സെന്റ് ഗ്രീഗോറിയോസ് ഗോസ്പൽ ടീം

14.02.200 മൂന്ന് നോമ്പിനോടനുബന്ധിച്ച് നിർമ്മലഗിരി അരമനയിൽ വച്ച് ഭദ്രാസനത്തിലെ വൈദികരുടെ ഉപവാസ പ്രാർത്ഥനയോട് കൂടി, ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ രൂപം കൊണ്ട ടീം പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമധേയത്തിലാണുള്ളത്. ഭവനസന്ദർശനം, കൗൺസലിംഗ്, ബൈബിൾക്ലാസുകൾ, വിശ്വാസപഠനം, വിദ്യാഭ്യാസ ധനസഹായം, ഭവന നിർമ്മാണ സഹായം, ഹോസ്പിറ്റൽ സന്ദർശനം, ബൈബിൾ ചുരുങ്ങിയ നിരക്കിൽ വിതരണം ചെയ്യുക എന്നിവ ടീമിന്റെ പ്രവർത്തനങ്ങളാണ്.

ടീം സെക്രട്ടറിയായി റവ. ഫാ. ജോർജ്ജ് തോമസ് പാട്ടുപാളയും, കൺവീനറായി റവ. ഫാദർ കുര്യാക്കോസ് തോലാലിലും, ഖജാൻജിയായി റവ. ഫാദർ വർഗീസ് മൺഡ്രോത്തും പ്രവർത്തിക്കുന്നു.

# നിയമിതരായി



പ്രൊഫ. ഫാ. കെ.റ്റി. മാത്യൂസ് കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പലായി 1-4-2001 ൽ ചാർജ്ജെടുത്തു. കോളജ് ചരിത്ര അധ്യാപകനായി 1978-ൽ ജോലിയിൽ പ്രവേശിച്ചു. കോളജ് ബർസാറായി സേവനം അനുഷ്ഠിച്ച് വരികയായിരുന്നു. മലങ്കര ഓർത്തഡോക്സ് യുവജന പ്രസ്ഥാനം കേന്ദ്ര വൈസ്പ്രസിഡണ്ട്, തുമ്പമൺ ഭദ്രാസന യുവജന പ്രസ്ഥാന വൈസ് പ്രസിഡണ്ട്, മൈലപ്രാ മാർ പീലക്സിനോസ് ഐ.റ്റി.സി. ട്രഷറർ, ഭദ്രാസന കൗൺസിൽ അംഗം, എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം ഇപ്പോൾ തുമ്പമൺ ഭദ്രാസന സണ്ടേസ്ക്കൂൾ അസ്സോസിയേഷൻ വൈസ് പ്രസിഡണ്ടും, മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റി അംഗവുമാണ്.

സഹധർമ്മിണി - സൂസൻ മാത്യൂസ്, കാതോലിക്കേറ്റ് ഹൈസ്ക്കൂൾ അദ്ധ്യാപിക

മക്കൾ - ശോഭ, ദീപ, ശാന്തി, പ്രിൻസ്



പത്തനംതിട്ട:- കാതോലിക്കേറ്റ് ഹയർസെക്കന്ററി സ്ക്കൂളിന്റെ പ്രിൻസിപ്പളായി ഫാ. ജേക്കബ് ഫിലിപ്പ് നിയമിതനായി. വയലത്തല തേവർകാട്ടിൽ പരേതനായ ഫാ. പി. സി. ഫിലിപ്പിന്റെ മകനാണ്.

സഹധർമ്മിണി - പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ചരിത്ര വിഭാഗം. അദ്ധ്യാപിക പ്രൊഫ. കുഞ്ഞമ്മ ജേക്കബ്

മക്കൾ - ഫിലിപ്പ് റ്റി. ജേക്കബ്, പ്രിൻസി അനു ജേക്കബ്



മദ്രാസ്:- ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ മദ്രാസ് ഭദ്രാസന ജനറൽ സെക്രട്ടറിയായി മി. റെൻസി തോമസ് എം. നിയമിതനായി. എം.ബി.എ. ബിരുദധാരിയായ റെൻസി തോമസ് തോംസൺ കൺസ്യൂമർ ഇലക്ട്രോണിക്കിസിൽ പ്രോജക്റ്റ് ട്രെയിനിയായി പ്രവർത്തിക്കുന്നു. താമ്പരം മാർ ഗ്രീഗോറിയോസ് ഇടവകാംഗമാണ്. മുള്ളിക്കാട്ട് ശ്രീ. എം.ഐ. തോമസുകുട്ടിയുടെയും ശ്രീമതി സാലി തോമസിന്റെയും മകനാണ്.

NO DONATION

ONLY GOVT. FEES

SRIDEVI EDUCATION SOCIETY (R)

# SRIDEVI HOSPITALS

**K.R. EXTENSION, TUMKUR, BANGALORE**

(Recongnised by Indian Nursing Council 20-4/96/INC (Pt.111)dtd 5-3-97)
Rajiv Gandhi Health University Bangalore, KNC, Karnataka
Paramedical Board & Govt. Of Karnataka.

**ബാംഗ്ലൂർ, തുംകൂറിലെ പ്രമുഖവും വിഖ്യാതവുമായ ശ്രീദേവി ഹോസ്പിറ്റലിൽ അഡ്മിഷൻ നേടുന്നതിനുള്ള അവസരം**

| | | |
|---|---|---|
| 1. B.Sc. Nursing 5th Batch | 4 years | Affilated Indian Nursing Council, F.No. 18-661/2001NC. Rajiv Gandhi Health University, Nursing Council Govt. of Karnataka. |
| 2. B.Sc. Nursing Post Certificate 2nd Batch | 2 years | Affilated Indian Nursing Council ACA NS 25 0-42 2000-2001 Eligibility: 1. should hold a certificate in General Nursing. 2. Should be aregistered Nurse. 3. Should have minimum of 2 years Experience. 4. Should have passed PDC. |
| 3. BPT 5th Batch | 4 years | Affliated to Rajiv Health University, IAO and Govt. of Karnataka (PDC Science Group). |
| 4. Gen. Nursing 10th Batch | 3 years | PDC/VHSC/+2 any group pass. Recognised by Indian Nursing Council, KNC Govt. of Karnataka. |
| 5. B. Pharm | 4 years | Affiliated to Rajiv Gandhi University of Health Sciences Bangalore & Recognised by P.C.I. Affiliated to A.I.C.T.E. New Delhi. |
| 6. D. Pharm | 2 years | Approved by Govt. of Karnataka & The pharmacy council of India, New Delhi. |
| 7. DMLT | | PDC/SSLC pass -2 years and 3 years Diploma Recognised by Karnataka Paramedical Board, Directorate of Medical Education, Karnataka. |
| 8. DMRT | | PDC/SSLC pass- 2 years and 3 years Diploma recognised by Karnataka Paramedical Board, directorate of medical Education, Karnataka. |
| 9. DPT | | 31/2 years PDC groups pass |
| 10. B.C.A. | 3 years | Bangalore University |

* സ്വന്തമായി 300 ബെഡ് ആശുപത്രി * ഇവിടെ നിന്ന് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് സ്വദേശത്തും വിദേശത്തും ജോലി * സുരക്ഷിതമായ ഹോസ്റ്റൽ * പ്രഗത്ഭരായ അദ്ധ്യാപകർ * ഓപ്പറേഷൻ തിയേറ്ററുകളിലും ഡയഗോസ്റ്റിക് സെന്ററുകളിലും പ്രായോഗിക പരിശീലനം * അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം രക്ഷകർത്താവിനോടൊപ്പം താഴെപറയുന്ന സ്ഥലത്ത് കോളജ് വാർഡനെ നേരിൽ കണ്ട് സീറ്റ് ഉറപ്പുവരുത്തുക.

Provisions are made for students to participate in worship every sunday under the Leadership of A.G. Church, I.P.C. Church, Marthoma Church, R.C. Church and **St. Gregorios Orthodox Syrian Church, at Tumkur.**

Contact Address in Kerala: **M.K. Thomaskutty (warden), Marathuvelil Puthenveettil (H), Opp (N.S.S.H.S.), Near Manesha College, Thadiyoor P.O., Thiruvalla-689545,**

**Kearala. Phone: 0473-673377, 673755**

Director: **DR. M.R. HULINAYKAR. M.B.B.S., M.S.**

**8-ാം ചരമവാർഷികം**

**26-5-2001**



**Mr. K.O. Ukkuru**

(Rtd. Civil Engineer)

**4-ാം ചരമവാർഷികം**

**24-6-2001**



**Mrs. Kunjai Ukkuru**

**28-ാം ചരമവാർഷികം**

**21-6-2001**



**Mrs. Molly John**

ജനനം: 9-11-1948

## K.O. Franco, K.O. Varghese
## K.O. Abraham

KUNNAMKULAM

MUMBAI-90

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2001*
**THE MALANKARA SABHA**, CATHOLICATE OFFICE, KOTTAYAM-686 038

# പാവനസ്മരണയ്ക്ക്



## വെരി. റവ. പി.റ്റി. മാത്യൂസ് കോറെപ്പിസ്ക്കോപ്പാ

നാരങ്ങാനം

"ഈയാചാര്യന്നാശ്വാസം നൽകേണം നാഥാ
സിദ്ധൻമാരോടൊപ്പം നിത്യവാസം തന്നിൽ"

*Inserted by*

PHILIP VARGHESE & FAMILY
(JOY, KAVUNKAL, NARANGANAM)
56, BANGOR ST.
STATEN ISLAND
U.S.A

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT CATHOLICATE PRESS, KOTTAYAM-38. CHIEF EDITOR REV. DR. JACOB KURIAN. RS. 5/-